3636.



H8
122
P

# നുരാഗസുധ

…by Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# സ്വരരാഗസുധ

പ്രസാധകന്മാർ
**സാഹിത്യപ്രവർത്തക സഹകരണ**
**സംഘം ലിമിറ്റഡ്**

Digitized By Kerala Sahitya Akademi

[Malayalam]

# SWARARAGASUDHA

BY

CHANGAMPUZHA KRISHNA PILLAI

| | | | |
|---|---|---|---|
| First Impression | | August | 1948 |
| Second | ,, | April | 1956 |
| Third | ,, | September | 1957 |

All rights reserved by Mrs. Sreedevi Changampuzha

PRINTED AT THE INDIA PRESS. KOTTAYAM
Copies 1000

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
KOTTAYAM KERALA STATE

Re. 1·50

Digitized By Kerala Sahitya Akademi

# സ്വരരാഗസുധ

ചങ്ങമ്പുഴ കൃഷ്ണപിള്ള

സാഹിത്യ അക്കാദമി
തൃശ്ശൂർ

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം — തിരുവനന്തപുരം

വില ക. 1·50

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ കൃതികൾ

രമണൻ
വസന്തോത്സവം
ദേവയാനി
മഗ്ദലമോഹിനി
പാടുന്ന പിശാച്
യവനിക
ആരാധകൻ
വത്സല
മോഹിനി
ദേവത
നിർവൃതി
തിലോത്തമ
നർത്തകി
മാനസേശ്വരി
ദേവഗീത (ഗീതഗോവിന്ദം)
മദിരോത്സവം (ഉമർഖയ്യാം)
സുധാംഗദ (തർജ്ജമ)
ആകാശഗംഗ
സ്പന്ദിക്കുന്ന അസ്ഥിമാടം
സ്വരരാഗസുധ
രക്തപുഷ്പങ്ങൾ ('വാഴക്കുല' യുള്ള കൃതി)
നീറുന്ന തീച്ചൂള
ബാഷ്പാഞ്ജലി
തളിർത്തൊത്തുകൾ
സങ്കല്പകാന്തി
അപരാധികൾ
കല്ലോലമാല
മൗനഗാനം
രാഗപരാഗം
മഞ്ഞക്കിളികൾ
ഓണപ്പൂക്കൾ
ഉദ്യാനലക്ഷ്മി
ദിവ്യഗീതം
ശ്രീതിലകം
ചൂഡാമണി
കലാകേളി
ശിഥിലഹൃദയം
സാഹിത്യചിന്തകൾ
മയൂഖമാല
നിഴലുകൾ
മണിവീണ
അസ്ഥിയുടെ പൂക്കൾ
ശ്മശാനത്തിലെ തുളസി
നിർവ്വാണമണ്ഡലം
അമൃതവീചി
ഹേമന്തചന്ദ്രിക
കളിത്തോഴി
പ്രതികാരദുർഗ്ഗ
ഹന്നേലെ
പെല്ലീസും മെലിസാന്ദയും
മാനസാന്തരം
അനശ്വരഗാനം
കരടി
വിവാഹാലോചന
പൂനിലാവിൽ
കഥാരത്നമാലിക

S728 B386 26/57-58

Digitized By Kerala Sahitya Akademi

ചിന്തിപ്പിക്കുന്നതിനേക്കാളേറെ എന്നെ ചിരിപ്പിക്കുകയും കരയിക്കുകയും പുളകംകൊള്ളിക്കുകയുംചെയ്ത ചില നിമിഷങ്ങൾ—സ്വർഗ്ഗത്തിൽനിന്നും പറന്നെത്തി അങ്ങോട്ടുതന്നെ പറന്നുപോയ ആ ചിത്രശലഭങ്ങൾക്കു പിമ്പേ വെമ്പിക്കുതിച്ച എന്റെ കലാകൗതുകത്തിന്റെ കൈവിരലുകളിൽ പററിയ ചില വർണ്ണരേണുക്കളാണ് ഈ പുസ്തകത്തിലെ ഈരടികൾ.

ഇടപ്പള്ളി,
12-9-1123.

ചങ്ങമ്പുഴ കൃഷ്ണപിള്ള

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## കവിതകൾ


| | | |
|---|---|---|
| 1 | രാക്കിളികൾ | 1122 തുലാം |
| 2 | മനസ്വിനി | 1122 കർക്കിടകം |
| 3 | ആരാമത്തിലെ ചിന്തകൾ | 1115 ചിങ്ങം |
| 4 | തപ്തപ്രതിജ്ഞ | 1112 മേടം |
| 5 | മയക്കത്തിൽ | 1121 കർക്കിടകം |
| 6 | സങ്കല്പകാമുകൻ | 1113 ഇടവം |
| 7 | കാവ്യനർത്തകി | 1121 മേടം |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ശ്രീ. ചങ്ങമ്പുഴ

ശ്രീ. ചങ്ങമ്പുഴ കൃഷ്ണപിള്ള 1087 കന്നിമാസം 24-ാംനു ഉത്തരതിരുവിതാംകൂറിൽപ്പെട്ട ഇടപ്പള്ളിയിൽ ചങ്ങമ്പുഴത്തറവാട്ടിൽ ശ്രീമതി പാറുക്കുട്ടിയമ്മയുടെ പുത്രനായി ജനിച്ചു. മട്ടാഞ്ചേരി, തെക്കേടത്തു വീട്ടിൽ നാരായണമേനോനായിരുന്നു പിതാവു്. കുടുംബം നിർദ്ധനമായിരുന്നതുകൊണ്ടു് ബാല്യത്തിൽ വിദ്യാഭ്യാസത്തിനും മററും ശ്രീ. ചങ്ങമ്പുഴ നന്നെ ക്ലേശിച്ചിട്ടുണ്ടു്.

നാലാംക്ലാസ്സുവരെ ഇടപ്പള്ളി മലയാളം പ്രൈമറിസ്കൂളിലും മൂന്നാംഫാറംവരെ ഇടപ്പള്ളി കൃഷ്ണവിലാസ് ഇംഗ്ലീഷ് മിഡിൽ സ്കൂളിലും, പിന്നീടു് ആലുവാ സെൻറ് മേരീസ്സ്കൂൾ, എറണാകുളം സർക്കാർ ഹൈസ്കൂൾ, സെൻറ് ആൽബർട്ട്സ്സ്കൂൾ എന്നിവിടങ്ങളിലും അദ്ദേഹം അദ്ധ്യയനം നടത്തി. ഹൈസ്കൂൾ വിദ്യാഭ്യാസം അവസാനിച്ച ഉടനെ ചങ്ങമ്പുഴയുടെ ജീവിതത്തെ പിടിച്ചുകുലുക്കിയ ഒരു സംഭവം—അദ്ദേഹത്തിൻെറ ആത്മസുഹൃത്തും യുവകവിയുമായിരുന്ന ശ്രീ. ഇടപ്പള്ളി രാഘവൻ പിള്ളയുടെ മരണം—നടന്നു. അതിൽനിന്നുൽഭൂതമായ വേദനയുടെ കണ്ണുനീരുറവായിരുന്നു ചങ്ങമ്പുഴയുടെ 'രമണൻ.'

പിന്നീടദ്ദേഹം എറണാകുളം രാജകീയകലാലയത്തിൽ ചേർന്നു. ഇക്കാലത്തുതന്നെ ചങ്ങമ്പുഴ ഒരനുഗൃഹീതകവിയായിത്തീർന്നു കഴിഞ്ഞിരുന്നു; അദ്ദേഹത്തിൻെറ പല കവിതാസമാഹാരങ്ങളും പുറത്തുവന്നുകഴിഞ്ഞിരുന്നു. എറണാകുളത്തെ പഠനത്തിനുശേഷം തിരുവനന്തപുരം ആർട്ട്സ് കോളേജിൽച്ചേർന്നു് അദ്ദേഹം ഓണേഴ്സ് ബിരുദം നേടി. ആ അദ്ധ്യയനകാലത്തു് അദ്ദേഹം ശ്രീമതി ശ്രീദേവി ചങ്ങമ്പുഴയെ വിവാഹം ചെയ്തു. പഠനത്തിനുശേഷം, സാമ്പത്തികക്ലേശങ്ങളുടെ ആധിക്യത്താൽ അദ്ദേഹം യുദ്ധസേവനത്തിന്നു പോയി. രണ്ടുകൊല്ലം പട്ടാളത്തിൽ ജോലിനോക്കിയതിന്നുശേഷം രാജിവെച്ചു് മദിരാശി ലാക്കോളേജിൽ ചേർന്നു. എങ്കിലും പഠനം മുഴുവനാക്കാതെ നാലഞ്ചു മാസത്തിന്നുശേഷം അദ്ദേഹം മടങ്ങി.

അക്കാലത്തു് തൻെറ സാഹിത്യസൃഷ്ടികൊണ്ടു് അദ്ദേഹം ഒരു കുബേരനായിത്തീർന്നു കഴിഞ്ഞിരുന്നു. തൃശ്ശിവപേരൂരിൽ 'മംഗളോദയം'

Digitized By Kerala Sahitya Akademi

മാസികയുടെ പത്രാധിപസമിതിയിലെ അംഗമായി അദ്ദേഹം സേവനം നൽകി. ആയിടയ്ക്ക് രണ്ടാം അഖിലകേരള പുരോഗമനസാഹിത്യസമ്മേളനത്തിലേയ്ക്ക് അദ്ധ്യക്ഷനായും അദ്ദേഹം ക്ഷണിക്കപ്പെട്ടു. അതിന്നുശേഷം സാഹിത്യസേവനം ചെയ്തുകൊണ്ട് ഇടപ്പള്ളിയിൽത്തന്നെ സകുടുംബം താമസം തുടങ്ങി.

തുടർന്ന് അദ്ദേഹത്തിൻെറ ജീവിതത്തിൽ ഉൽക്കണ്ഠാകുലമായ പല പരിവർത്തനങ്ങളും വന്നു. മാനസികാസ്വാസ്ഥ്യങ്ങളും, അതിനെത്തുടർന്ന് രോഗബാധയും ധനനഷ്ടവും അദ്ദേഹത്തിനുണ്ടായി.

ആദ്യം വാതരോഗവും പിന്നീട് ക്ഷയരോഗവും അദ്ദേഹത്തെ ഗ്രസിച്ചു. അദ്ദേഹം വീണ്ടും ഒരു നിർദ്ധനനായിത്തീർന്നു.

ശ്രീ. ചങ്ങമ്പുഴയുടെ വിഷമാവസ്ഥയറിഞ്ഞു് അദ്ദേഹത്തെ ഹൃദയംഗമമായി സ്നേഹിച്ചിരുന്ന കേരളീയജനത ധനശേഖരങ്ങൾ അയച്ചുകൊടുത്തും മററും അദ്ദേഹത്തെ സഹായിച്ചു. എങ്കിലും ഉൽക്കണ്ഠാഭരിതരായ ഒരു ജനതയെയാകെ കണ്ണുനീരിൽ മുക്കിക്കൊണ്ട് 1123 മിഥുനം 4-ാംനു ഉച്ചതിരിഞ്ഞു് അദ്ദേഹം തൃശ്ശിവപേരൂർ മംഗളോദയം നഴ്സിങ്ങ് ഹോമിൽവെച്ച് ഇഹലോകവാസം വെടിഞ്ഞു.

കവിതാസമാഹാരങ്ങളും ഖണ്ഡകാവ്യങ്ങളും പരിഭാഷകളും ഒരു നോവലും ഉൾപ്പെടെ 35-ഓളം ഗ്രന്ഥങ്ങൾ ശ്രീ. ചങ്ങമ്പുഴ രചിച്ചിട്ടുണ്ട്.

Digitized By Kerala Sahitya Akademi

# അവതാരിക

## തിലാഞ്ജലി

കർത്തവ്യം പലപ്പോഴും കണ്ണീരോടുകൂടി വേണമെന്നായിരിക്കുമോ വിധിമതം? കാലം ചെയ്യുന്ന മറെറാരു കട്ടംകൈയ്യ്! അല്ലെങ്കിൽ ഈ 'സ്വരരാഗസുധ' ഇങ്ങനെ വേണമെന്നുണ്ടോ പകരാൻ? അതും ഈയുള്ളവൻെറ കൈകൊണ്ടു്? ഈ അവസരത്തിൽ?......വേണ്ട; വേദനാജനകമായ അക്കഥയൊന്നും ആലോചിക്കപോലും അരുതു്. കണ്ണീരേ, നീ തെല്ലടങ്ങു: ഞാൻ ആ സൗഹാർദ്ദത്തിൻെറ അന്ത്യാഭിലാഷം ആദേശിച്ച കർത്തവ്യം നിറവേററട്ടെ.

'മുഖം നോക്കാതെ വിമർശനരൂപത്തിൽ ഒരവതാരിക എഴുതണ'മെന്നു്! ആവൂ, ഇനി ആരുടെ മുഖമാണു്, നാമെത്ര കൊതിച്ചാലും ഒന്നുകൂടെ കാണുക? പക്ഷെ, നാമേവരും ആ മുഖം കാണുന്നുണ്ടു്, എന്നെന്നും കാണുന്നുണ്ടു്—അൻപോലുന്ന ആ മുഖം, നീണ്ട കണ്ണുകളും, നീണ്ടുവളഞ്ഞ പുരികങ്ങളും കൊണ്ടു് കവിതാംഗനയുടെ താരെതിർ മേനിക്കു് പുളകമരുളുന്ന ആ മുഖം. എന്നിട്ടു്, ആ മുഗ്ദ്ധയുടെ ഓരോ കാൽവെയ്പിലും ഉതിർന്ന മുഴങ്ങുന്ന കളനൂപുരശിഞ്ജിതം ആസ്വദിച്ചു് സ്വയം ആനന്ദത്തുടപ്പിയലുന്ന ആ മുഖം! ആ മുഖത്തേക്കാണു് കൈരളി നെടുവീർപ്പോടെ എന്നുമെന്നും കരളെരിഞ്ഞു കൈകൾ കൂപ്പി നോക്കുന്നതു്. ആ മുഖത്തു നോക്കിയോ നോക്കാതെയോ ആരെന്തു വിമർശിക്കാൻ ഒരുങ്ങും? അതിൽനിന്നും പൊഴിഞ്ഞ സ്വരരാഗസുധയെ അവതരിപ്പിക്കുന്ന സാഹസത്തിനു് ആരാണുള്ളതു്? ഹേ, സാഹസികാ, മാറിനിൽക്കു! സുമനസ്സുകൾ സ്വയം അതാസ്വദിക്കട്ടെ. അതവർ എന്നേ മുതൽ ആരുടേയും സഹായമില്ലാതെ ആസ്വദിച്ചു തുടങ്ങിയതാണു്! നീ വേണമെങ്കിൽ ആ സുധയിൽ മതിവരുവോളം മുഴുകിക്കൊള്ളു, മററുള്ളവരോടൊപ്പം......

അതെ, ഈ സ്വരരാഗസുധ ഞാൻ ആകണ്ഠം ആസ്വദിക്കട്ടെ; അതിൻെറ മാദകമായ ലഹരിയിൽ ഞാൻ മുഴുകട്ടെ. എൻെറ ആനന്ദാനുഭൂതിയിൽ പങ്കുകൊള്ളാൻ മാത്രം ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. അതിനുള്ള അവകാശം, ആരെത്ര തടഞ്ഞാലും, അനിഷേധ്യമായി എനിക്കുണ്ടു്.

Digitized By Kerala Sahitya Akademi

# വസന്തോദയം

ഇരുപതിൽപ്പരം വർഷങ്ങളായി മലയാളസാഹിതിയുടെ മലർവാടിയിൽ ഒരു നൂതനവസന്തവിലാസം പുലർന്നിട്ടുണ്ട്. ഒരേ തായ്മരത്തിലെ രണ്ടു ചില്ലകളിലിരുന്നു രണ്ടു പൂങ്കുയിലുകൾ പാടി. അവരുടെ കണ്ഠം തെളിഞ്ഞതായിരുന്നു; പക്ഷേ, അന്നവർക്ക് ആകണ്ഠം ആസ്വദിക്കാനുള്ള മാന്തളിരില്ലാതെ പോയി. എങ്കിലും ആ കുയിലുകളുടെ തൊണ്ട വരണ്ടില്ല; അവരുടെ ആലാപം തടഞ്ഞില്ല. വരാൻ മടിപൂണ്ടുനിന്ന ആ വാസന്തവിലാസത്തെ അവർ 'കുഹൂ കുഹൂ' പാടി ക്ഷണിച്ചുവരുത്തി. വിധിവൈഭവമെന്നു പറയട്ടെ, മാന്തോപ്പുകൾ പൂക്കാനും തളിർക്കാനും തുടങ്ങിയതേയുള്ളൂ; വല്ലികൾ പുളകപ്പൂങ്കുല ചൂടാറാകുന്നേയുള്ളൂ, വണ്ടിണ്ട മുരണ്ടുമുരണ്ടു വന്നുതുടങ്ങിയേയുള്ളൂ; അപ്പോഴേക്കും ഒരു നിലക്കുയിലിന്റെ തൊണ്ട വരണ്ടു; ഗാനം നിലച്ചു; ചിറകുകൾ പൊഴിഞ്ഞു; ആരുമറിയാതെ അതു നിലംപതിച്ചു.

അങ്ങനെ കൂട്ടുകാരൻ പോയ്മറഞ്ഞു; മറ്റേ പൂങ്കുയിലിന്റെ ഗാനം വിഷാദസങ്കലിതമായി. എങ്കിലും അതിന്റെ കണ്ഠം തെളിഞ്ഞു. അതോടെ മലയാളസാഹിതിയുടെ മാങ്കനിത്തോപ്പും!

# ഇടപ്പള്ളിപ്രസ്ഥാനം

അതെ, ഇടപ്പള്ളി രാഘവൻപിള്ളയും ചങ്ങമ്പുഴ കൃഷ്ണപിള്ളയും മലയാളകവിതയ്ക്കു് തേജ്ജ്വലപരിവർത്തനംവരുത്തിവെച്ച രണ്ടു മഹാകവികൾ തന്നെ. ഒരാൾ തുടങ്ങിവെച്ചു; മറ്റെയാൾ മുഴുമിച്ചു; അനേകംപേർ പിന്നീടവരെ അനുകരിച്ചു. ആ പരിവർത്തനം ഒരു മഹാപ്രസ്ഥാനത്തിന്നു ജന്മം നൽകി. ഞാൻ അതിനെ 'ഇടപ്പള്ളിപ്രസ്ഥാന'മെന്നു വിളിക്കട്ടെ. അതോടൊപ്പം മലയാളസാഹിത്യത്തിലെ പ്രസ്ഥാനാന്തരങ്ങളോട്ട് ക്ഷമായാചനവും ചെയ്യട്ടെ.

എന്തു ധിക്കാരം? എന്തധികാരം? ആരോടും ചോദിക്കാതെ ആരാരും താങ്ങും തുണയുമില്ലാതെ രണ്ടു കുട്ടികൾ, മഹാരഥന്മാർ പലരും പയറ്റിക്കഴിഞ്ഞു് വെറിയടഞ്ഞ വേദികയിലേയ്ക്കു് ബാലചാപല്യം കാട്ടിവരികയോ? ഇന്നാൾവരെ ഇങ്ങനെയൊരു മനോഭാവമായിരുന്നു നമ്മുടെ സാഹിത്യാന്തരീക്ഷത്തിൽ ഈ രണ്ടു് ഇടപ്പള്ളിക്കവികളെ സംബന്ധിച്ചു് മുഴങ്ങിയതു്. അവർക്കു ശക്തിയില്ല; നിപുണതയില്ല; അഭ്യാസമില്ല. എന്നിട്ടും കവിതയെഴുതി. പക്ഷേ, അവരെഴുതുന്നതെല്ലാം ഏറു

Digitized By Kerala Sahitya Akademi

പാടാനും ഉററുനോക്കാനും പലരുമുണ്ടായി. ചിലർ മേലേയിരുന്നു് ശങ്കാത്ഭുതങ്ങളോടെ; മററു ചിലർ ഒപ്പമിരുന്നു് അസൂയാത്ഭുതങ്ങളോടെ, വേറേ ചിലർ മാറിനിന്നു് ആനന്ദാത്ഭുതങ്ങളോടെ. ഒടുവിലിതാ എല്ലാവരും ഒരേ നിലക്കാരായി: ഒടുവിലത്തെ കൂട്ടരോടൊപ്പം അവരെ ആനന്ദാത്ഭുതങ്ങളോടെ നോക്കിക്കാണുകയായി. ഇടപ്പള്ളിക്കവികളും അവരുടെ പ്രസ്ഥാനവും ഇങ്ങനെയാണു് ഇന്നു് ജയപതാക ഉയർത്തിനാട്ടിയതു്.

എന്താണീ വിജയത്തിനുഹേതു? മറെറാന്നുമല്ല; ഇടപ്പള്ളിപ്രസ്ഥാനം 'കവിത'യെ അതിന്റെ ശുദ്ധമായ കലാഭംഗിയിൽ എടുത്തുകാട്ടി സാമാന്യജനതയുടെ ഹൃദയത്തിലേക്കു പകർന്നുകൊടുത്തു! മലയാളകവിത കലാതത്വത്തിന്റെ ഉള്ളറ തുറന്നുകണ്ടതു് ഇടപ്പള്ളിപ്രസ്ഥാനംവഴിയാണെന്നു സാരം.

## കലയുടെ ശുദ്ധരൂപം

അപ്പോൾ, കലയുടെ ശുദ്ധരൂപം എന്തെന്നല്ലേ? വികാരത്തിൽ കിളർന്നു്, അതിൽത്തന്നെ വളർന്നു്, അതിനെത്തന്നെ വളർക്കുന്നതാണു് ശുദ്ധകല. വിചാരാംശം ചേർന്നുവെങ്കിൽ കല സങ്കരമായി. അങ്ങനെ നോക്കുമ്പോൾ ഗീതികല മാത്രമാണു് ശുദ്ധമായി നില്ക്കുന്നതു്. വികാരാംശമല്ലാതെ മറെറാന്നുംതന്നെ ഗീതികലയിലില്ല. സാഹിത്യത്തെ ഏററവും കലർപ്പുള്ള കലയായി കണക്കാക്കണം. വിചാരത്തിന്റെ സങ്കീർണ്ണത അതിന്റെ പാരമ്യത്തിലും ആനന്ത്യത്തിലും പ്രകാശിപ്പിക്കാവുന്നതു് സാഹിത്യത്തിലൂടെ മാത്രമാണു്. എന്നാൽ ഈ വിചാരാംശത്തിന്റെ ചേരുവ സാഹിത്യത്തിലെ പല ശാഖകളിലും പല തരത്തിലാണു്. പൊതുവെ പറഞ്ഞാൽ ഗദ്യശാഖ വിചാരപ്രധാനമാകും: പദ്യശാഖ വികാരപരവും ഉപാധിഭേദംകൊണ്ടാണിതു്. ഗീതികലയുടെ അതിപ്രസരം പദ്യസാഹിത്യത്തെ സ്വാഭാവികമായും വികാരോഷ്മളമാക്കുന്നു. അതിലും വിശേഷിച്ചു് ഗാനാത്മകവൃത്തങ്ങളിൽ എഴുതിയിട്ടുള്ള കാവ്യങ്ങളെ. ചുരുക്കത്തിൽ നമ്മുടെ ഭാഷാവൃത്തങ്ങളിൽ ആചരിക്കപ്പെടുന്ന കവിത വികാരാത്മകങ്ങളായാൽ അതു വെറും സ്വാഭാവികമെന്നേ പറയാവൂ. വൈകാരികാംശം മികച്ചുനില്ക്കുന്ന ഗാനാത്മകകാവ്യങ്ങളെ മാത്രമേ ഉത്തമകോടിയിൽപ്പെടുത്താവൂ എന്നല്ലാ ശഠിക്കുന്നതു്. അത്തരം കാവ്യങ്ങൾക്കു 'നൈസർഗ്ഗിക'ത്വമെന്ന ധർമ്മം അവശ്യം ഉണ്ടായിരിക്കണമെന്നേ വിവക്ഷയുള്ളൂ. കവിത ജനകീയമാകാൻ ഈ നൈസർഗ്ഗികധർമ്മം അത്യന്താപേക്ഷിതമാണു താനും!

Digitized By Kerala Sahitya Akademi

അതുകൊണ്ടുതന്നെയാണല്ലോ ആധുനികമഹാകവിത്രയങ്ങളിൽ ഉള്ളൂരിനേയും ആശാനേയും അപേക്ഷിച്ച് വള്ളത്തോൾ ബഹുജനാഭിനന്ദനത്തിന് കൂടുതൽ അർഹനായതു്. അദ്ദേഹത്തിൻെറതന്നെ അനിരുദ്ധൻ, ഗണപതി തുടങ്ങിയ സംസ്കൃതവൃത്തനിബദ്ധങ്ങളായ ഖണ്ഡകാവ്യങ്ങൾക്കല്ലാ, അവയ്ക്കു് പല മെച്ചങ്ങളുണ്ടായിട്ടും, ബഹുജനസമ്മതി കൈവന്നതു്. സാഹിത്യമഞ്ജരിയിലെ ഭാഷാവൃത്തവിരചിതങ്ങളായ ലഘുകവിതകളും മഗ്ദലനമറിയവും മററും സാമാന്യജനത കൂടുതൽ ബുഭുക്ഷയോടെ ആസ്വദിക്കുന്നുണ്ടു്. ആശാൻെറ വീണപൂവും, നളിനിയും, ലീലയും പക്ഷേ, ജനസാമാന്യം മറന്നേക്കാം. കരുണയും ചണ്ഡാലഭിക്ഷുകിയും അവർക്കു് ഓമനത്തമുള്ള കളിച്ചങ്ങാതികളായിത്തീർന്നുകഴിഞ്ഞു.

കേരളീയരുടെ കാവ്യാസ്വാദനത്തിൽ കണ്ടുവരുന്ന ഈയൊരു വിവിക്താഭിരുചിയുടെ ഊടറിഞ്ഞാണു് ഇടപ്പള്ളിക്കവികൾ അവരുടെ വീണയുടെ തന്ത്രികൾ മീട്ടിത്തുടങ്ങിയതു്. ആശാൻെറയും വള്ളത്തോളിൻെറയും കൈവിരൽത്തുമ്പുകൾക്കു് എത്തും പിടിയും കിട്ടാത്ത ചില മോഹനതന്ത്രികളിലേയ്ക്കു് ഈ ഗന്ധർവ്വകുമാരന്മാരുടെ ലോലായതങ്ങളായ വിരലുകൾ തെരുപ്പിടിച്ചുചെന്നു. അതോടെ, നമ്മുടെ മലയാണ്മ മറന്നു കിടന്ന വിചിത്രങ്ങളും വിശ്വവശ്യങ്ങളുമായ അനേകമനേകം ഗാനങ്ങൾ അന്തരിക്ഷത്തിൽ ഉയന്നു. ഗാനലോലുപരും കാവ്യബുഭുക്ഷുക്കളുമായ മലയാളികളുടെ കർണ്ണപുടങ്ങൾക്കു് അതു് അമൃതവർഷമായതിൽ എന്താണത്ഭുതം?

അത്രയുമല്ല; ഇടപ്പള്ളിപ്രസ്ഥാനത്തിൻെറ ജനസമ്മതിക്കു മറെറാരു ഹേതുകൂടിയുണ്ടു്. ആ കവിതകളിൽ തുളുമ്പിനില്ക്കുന്ന 'വികാരം' ഒരുതരം കാവ്യസങ്കേതമായിത്തീർന്ന ജഡികവികാരങ്ങളുടെ ജാതിയിൽ പിറന്ന ഒന്നല്ല. നവരസങ്ങളിൽ ശൃംഗാരത്തിനും കരുണത്തിനും കോയ്മ വന്നിട്ടുണ്ടു്; ശരിതന്നെ. പക്ഷേ, നമ്മുടെ കാവ്യങ്ങളിൽ കാണുന്ന ശൃംഗാരകരുണങ്ങൾ ഭൂരിപക്ഷവും സംസ്കൃതാലങ്കാരികന്മാർ പറഞ്ഞുവെച്ചിട്ടുള്ള ശാസ്ത്രീയനിയമങ്ങളുടെ സന്താനങ്ങളായി അധഃപതിച്ചുപോയിട്ടുണ്ടു്. നില്ക്കണേ, ആലങ്കാരികപക്ഷപാതികൾ ശുണ്ഠിയെടുക്കല്ലേ. സംസ്കൃതകാവ്യങ്ങളെയോ ആ കാവ്യങ്ങൾ ആലംബമാക്കി ശാസ്ത്രജ്ഞന്മാർ നടത്തിയിട്ടുള്ള രസവിചാരത്തെയോ ധിക്കരിക്കാനല്ല ഭാവം. നമ്മുടെ ഇടക്കാലത്തെ മലയാളകവികളിൽ പലരും പല വിഷയങ്ങളിലെന്നപോലെ രസാവിഷ്കരണകാര്യത്തിലും സംസ്കൃതസാഹിത്യമാതൃകകൾക്കു് അടിമകളായിപ്പോയതിൻെറ അനാശാസ്യത മാത്രമാണിവിടെ ചൂണ്ടിക്കാണിക്കുന്നതു്. ഇടപ്പള്ളിക്കവികളാകട്ടെ, പാണ്ഡിത്യക്കറ പററാഞ്ഞിട്ടോ എന്തോ, എട്ടിൽ

Digitized By Kerala Sahitya Akademi

ക്കണ്ട വികാരങ്ങളെയോ അവയുടെ ശാസ്ത്രീയതത്വത്തെയോ സമാദരിച്ചി ല്ല. അവക്കുമുണ്ടല്ലോ ഹൃദയം: വികാരനികുഞ്ജം. അതിലുള്ളതെല്ലാം മാ റൊതെ മറയ്ക്കാതെ കവിതയിൽ പകർത്തി. അവരുടെ അനുവാചകരാക ട്ടെ, തന്മൂലം, അവരവരുടെ ഹൃദയസ്പന്ദനത്തിൻെറ മാറൊലിയാ ണ് ആ കവിതയിൽ ഉടനീളം കണ്ടതു്. അതവരുടേയും സ്വന്തമായി ത്തീന്നു.

## കേരളീയസമുദായം

ശൃംഗാരകരുണങ്ങൾതന്നെയാണ് ഇടപ്പള്ളിക്കവികളും സാമാന്യ മായി അവരുടെ കവിതകളിൽ ആവിഷ്കരിച്ചതു്. അന്നത്തെ കേരളീയ ജനതയുടെ സാമുദായികമായും സാമ്പത്തികമായുമുള്ള നിലപാടു നോക്കി യാൽ അറിയാം മററു രസങ്ങളെ അപേക്ഷിച്ച് ഈ രണ്ടു രസങ്ങളാണ് അവർക്കു കൂടുതൽ ഹൃദയാകർഷകങ്ങളായിട്ടുള്ളതെന്നു്. കേരളത്തിൻെറ പാരമ്പര്യദായക്രമമായ മരുമക്കത്തായം തകന്നുകഴിഞ്ഞു. മക്കത്തായത്തി ന്നു പ്രായോഗികപ്രാമാണ്യം കയ്‌വന്നുമില്ല. ഇല്ലത്തുമല്ല അമ്മാത്തുമ ല്ലാ മലയാളക്കരയിലെ സാമുദായികജീവിതമെന്ന നിലയായി. ഒന്നാം ലോകമഹായുദ്ധം കഴിഞ്ഞു. അതിൻെറ ചില ഗുണങ്ങളും പല ദോഷ ങ്ങളും അങ്ങിങ്ങു പരന്നുകിടക്കുന്നു. യുവാക്കളെ സംബന്ധിച്ച ജീവൽ പ്രശ്നങ്ങൾ പലതും അതോടെ ഉയന്നുവന്നു. ദാമ്പത്യജീവിതം എല്ലാക്കും ലഭിക്കാവുന്ന ഒരനുഗ്രഹമല്ലാതായി. ജീവികാമാർഗ്ഗത്തിൻെറ കഥയും തഥൈവ. ആകപ്പാടെ 1925 മുതൽ '40 വരെയുള്ള കാലഘട്ടത്തിൽ കേ രളീയയുവലോകത്തിന് ഒന്നാകെ, പരസ്പരവിരുദ്ധങ്ങളായ രണ്ടുജാ തി പ്രശ്നങ്ങളെ നേരിടേണ്ടിവന്നു. ഒരിടത്തു ജീവിതസുഖത്തിനുള്ള മതി; മറുവശത്തു ജീവസന്ധാരണത്തിനുള്ള കൊതി. ഇങ്ങനെ മതിയും കൊ തിയുമുള്ള അന്നത്തെ യുവാക്കളുടെ പ്രാതിനിദ്ധ്യം ഏറെറടുത്ത് അവരു ടെ അന്യഥാ അലങ്കോലപ്പെട്ടുമായിരുന്ന വൈകാരികജീവിതത്തിനു ക ലാപരമായ സംതൃപ്തിയോ സംപോഷണമോ നൽകിയ രണ്ടു കവികളാ ണ് ഇടപ്പള്ളിയും ചങ്ങമ്പുഴയും. അവരുടെ ആദ്യകാലകവിതകൾ മിക്ക തും പ്രണയഗാനങ്ങളും പരാജയഗീതങ്ങളുംകൊണ്ടു നിറയാൻ കാരണവും മറെറാന്നുമല്ല. കവിതാവാസനയുള്ള* ചെറുപ്പക്കാർ മിക്കവരും അക്കാ

*1938-39 ഈ കാലങ്ങളിൽ ഇടപ്പള്ളിയിൽത്തന്നെ 217 യുവകവിക ളുണ്ടായിരുന്നെന്നു ചങ്ങമ്പുഴ പകുതി കാര്യത്തിലും പകുതി നേരമ്പോക്കി ലും പറഞ്ഞുകേട്ടിട്ടുണ്ട്. അപ്പോൾ കേരളത്തിലൊന്നാകെയോ?

Digitized By Kerala Sahitya Akademi

ലത്തു് ഈ ഇടപ്പള്ളിപ്രസ്ഥാനത്തിന്റെ തണലിൽ തഴച്ചുവളൎന്നു. അക്കാലത്തെ മലയാളവാരികകളും മാസികകളും നോക്കുക. എത്രയെത്ര ഓമനക്കുട്ടന്മാരും കല്യാണികളുവാണികളുമാണു് അതിലെല്ലാം മധുരകോമളകാന്തപദാവലികളിൽ പ്രണയഗാനം പാടി ആനന്ദിക്കുകയും വിഷാദിക്കുകയും ചെയ്തിട്ടുള്ളതു്!

ഇങ്ങനെ സാമാന്യജനതയുടെ ഹൃദയമറിഞ്ഞു്, അതിൽ പൊന്തിനിന്ന രണ്ടുവികാരവിശേഷങ്ങളെ, ശുദ്ധമായ ഗീതികലയിലൂടെ, അതിനു സമുചിതമായ മധുരപദങ്ങളിൽ പൊതിഞ്ഞു്, ആത്മനിഷ്ഠതുലമായി ലേശംപോലും കൃത്രിമത്വം പ്രതിപാദനത്തിൽ വരുത്താതെ, ലളിതമായും പ്രസന്നമായും കാവ്യരചന സാധിച്ചതിലാണു് ഇടപ്പള്ളിപ്രസ്ഥാനത്തിന്റെ സർവതോമുഖമായ വിജയം.

## രാഘവൻപിള്ളയും ചങ്ങമ്പുഴയും

സംസ്കാരസാമ്യം, സംസർഗ്ഗം, സാമുദായികാവസ്ഥ എന്നിങ്ങനെ പലതുകൊണ്ടും ആത്മമിത്രങ്ങളായിത്തീൎന്ന രാഘവൻപിള്ളയും ചങ്ങമ്പുഴയും ഇടപ്പള്ളിപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളെന്ന നിലയിൽ തുല്യസ്ഥാനമാണു് അലങ്കരിക്കുന്നതു്. എങ്കിലും, ഇരുവരും ഒന്നിച്ചു പുലൎന്ന കാലത്തുള്ള അവരുടെ കവിതകൾ പരിശോധിച്ചാൽ ചില സൂക്ഷ്മഭേദങ്ങൾ കാണാം. പ്രായംകൊണ്ടും പരിപാകംകൊണ്ടും രാഘവൻപിള്ള ജ്യേഷ്ഠസ്ഥാനീയനാണു്. ഹൃദ്യതയിൽ ചങ്ങമ്പുഴ വിശിഷ്ടസ്ഥാനീയനും. രചനയ്ക്കെന്നപോലെ ആദർശത്തിനും ആദ്യനു് ഒരു ദാർഢ്യം വന്നുകഴിഞ്ഞിട്ടുണ്ടായിരുന്നു. കനിഷ്ഠന്റേതാകട്ടെ രണ്ടും ശിഥിലമായിരുന്നു. ജീവിതാനുഭൂതിയിൽ ഇരുവൎക്കുമുണ്ടായിരുന്ന വ്യത്യസ്തതയായിരിക്കും ഇതിന്നു ഹേതു. രാഘവൻപിള്ള വളരെ മുമ്പേതന്നെ ഒരേഒരു 'വെള്ളിനക്ഷത്ര'ത്തിന്റെ ദീപ്തിയെ ആദർശമാക്കിക്കൊണ്ടാണു സ്വജീവിതത്തിന്റെ ചിറ്റോടം തുഴഞ്ഞുപോന്നതു്. ആ 'വെള്ളിനക്ഷത്ര'ത്തിന്റെ പ്രകാശം പെട്ടെന്നു പൊലിഞ്ഞൊന്നുകണ്ടപ്പോൾ സ്വയം തന്റെ കൊച്ചോടം നടുപ്പുഴയിൽ മുക്കിക്കളഞ്ഞു! ജീവിതയാതനകൾ മററുള്ളതെല്ലാം വിസ്മരിച്ചാണു് ആർജവബുദ്ധിയായ ആ കലാകാരൻ അതുവരെ മുന്നോട്ടു പോന്നതു്. നിഗൂഢമെങ്കിലും നിയതവും നിതാന്തസുന്ദരവുമായ ഒരു ലക്ഷ്യം അദ്ദേഹത്തിനുണ്ടായിരുന്നല്ലോ. ആ കവിതകളിലെല്ലാം ഒളിവിതറിക്കാണുന്നതു് ആ ലക്ഷ്യത്തിൽനിന്നും അപ്പോഴപ്പോൾ അദ്ദേഹത്തിനു ലഭിച്ചിരുന്ന

Digitized By Kerala Sahitya Akademi

പൊൻകിനാക്കളുടെ കാന്തിപ്പൊലിമതന്നെയാണ്. അങ്ങനെ, രാഘവൻ പിള്ളയുടെ കവിതകളിൽ ഒരാദർശദാർഢ്യവും ഏകതാനതയും അവശ്യധർമ്മങ്ങളായിത്തീർന്നു.

### ചങ്ങമ്പുഴ

അക്കാലത്ത് അനാഗതശ്മശ്രുവായിരുന്ന കൃഷ്ണപിള്ളയ്ക്കു സ്വജീവിതത്തെയാകട്ടെ, കവിതയെയാകട്ടെ ഒരു നിയതലക്ഷ്യത്തിലേയ്ക്കു നയിക്കാൻ മാത്രമുള്ള ആദർശസംഹിത സംഭരിക്കുന്നതിനു കഴിഞ്ഞിരുന്നില്ല. അനന്യസഹായനായ ഒരു കുമാരൻ; അയാൾക്കോ, അലംഭാവമില്ലാത്ത ജ്ഞാനതൃഷ്ണയും. പരശ്ശതം അനിയതജീവിതസ്വപ്നങ്ങൾ പൂവിട്ടുനില്ക്കുന്ന കാഴ്ചമാത്രമേ ആ കണ്ണുകൾക്ക് അന്നു കാണാൻ കഴിഞ്ഞിരുന്നുള്ളു. കിട്ടിയതുകിട്ടിയതു് എത്തിപ്പിടിച്ചു; കിട്ടാത്തതിലെല്ലാം ആ ഹൃദയം തത്തിപ്പിടഞ്ഞു; എങ്കിലും കൂട്ടുകാരനെപ്പോലെ കൊടുംനിരാശയിൽപ്പെട്ട് ആത്മഘാതിയായിത്തീരാൻ അദ്ദേഹം തുനിഞ്ഞില്ല. കാരണം, ആ ജീവിതത്തിനു നിർണ്ണീതമായ ഒരേകാന്തലക്ഷ്യം ഒന്നുതന്നെ ഇല്ലായിരുന്നുവെന്നതായിരിക്കണം. എന്തും സഹിച്ചും എങ്ങനെയും ജീവിതാസവം ആസ്വദിക്കുമെന്ന മദനാഭാവം അക്കാലത്തെ ചങ്ങമ്പുഴയിൽ രൂഢമൂലമായിരുന്നു.

ചങ്ങമ്പുഴയുടെ ആദ്യകാലകവിതകൾ ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. എന്തിനെയും, മരണത്തെപ്പോലും മധുരീകരിച്ചുകൊണ്ടാണ് അദ്ദേഹം കാവ്യാലാപം നടത്തിയതു്. ആ കവിതകളിൽ നിഴലാടിക്കാണുന്നതു മരിക്കാനുള്ള കൊതിയാണെന്നു് ഉപരിപ്ലവബുദ്ധിയായ ഒരു വാചകനു തോന്നാം. ചങ്ങമ്പുഴയുടെ ജീവിതത്തോട്ട് അടുത്തുനില്ക്കുന്നവർക്ക് ഒരു പരമരഹസ്യം മനസ്സിലാകും. മരണത്തെ അദ്ദേഹം വളരെ ഭയപ്പെട്ടിരുന്നു. ജീവിതത്തോടുള്ള അതിരററ കൂറാണു് ആ മരണഗീതങ്ങളിൽ ഒളിഞ്ഞുകിടക്കുന്നതു്. മറിച്ചായിരുന്നെങ്കിൽ ചങ്ങമ്പുഴ രാഘവൻപിള്ളയെക്കൊണ്ടു 'രമണൻ' രചിപ്പിക്കുമായിരുന്നു!

"കൊതിയുണ്ടെല്ലായ്പോഴും
ചിത്തത്തിനാകാശത്തിൻ
മതിലേഖയെ മന്ദം
മാറിലേയ്ക്കണയ്ക്കുവാൻ
വഴിയേ വന്നെൻകാൽക്കൽ
നില്പവ കണ്ടിട്ടു, ഞാൻ
വഴുതും വസ്തുക്കളിൽ-
ക്കയറിപ്പിടിക്കുന്നു.

Digitized By Kerala Sahitya Akademi

കാലത്തിൻ കണ്ണാടിയിൽ-
　　ക്കൂടി ഞാൻ നോക്കീടുമ്പോൾ
കാണുന്നു നാനാവർണ്ണ
　　മയമായ് മജ്ജീവിതം.''

(ആശ—ബാഷ്പാഞ്ജലി)

''ഈവിധം മനോഹര
　　വസ്തുക്കളെല്ലാം, നമ്മെ-
'ജ്ജീവിക്ക, ജീവിക്ക'യെ-
　　ന്നൽബോധിപ്പിപ്പൂ നിത്യം
'നുകരൂ, നുകരൂ, മൽ-
　　സൗന്ദര്യം!'—നമ്മോടിളം
മുകുളം വികസിച്ചു
　　നെടുവീർപ്പിട്ടോതുന്നു.

............................

ജീവിതലഘുകാവ്യ-
　　ത്തിൻ പകപ്പവകാശം
കേവലം 'മരണ'ത്തി-
　　നുള്ളതാണെങ്കിലാട്ടെ;
നിത്യസുന്ദരമാകും
　　സ്നേഹഗീതിയാലതു
നിസ്തുലമാക്കിത്തീക്കാ-
　　നാവുകി,ലതേകാമ്യം!''

(സൗന്ദര്യലക്ഷ്യം—ബാഷ്പാഞ്ജലി)

ജീവിതത്തിൻെറ നാനാമുഖമായ സൗന്ദര്യം നോക്കി അഭിലാഷപൂർവ്വം നെടുവീർപ്പിടുന്ന ഒരു യുവകവിയുടെ ഹൃൽസ്പന്ദങ്ങളാണ് ഈ ഈരടികൾ. ഇതോടൊപ്പം കടുത്ത നിരാശകൊണ്ട്,

''ഒരുമരതകപ്പച്ചിലക്കാട്ടി,ലെൻ
മരണശയ്യ വിരിക്കൂ, സഖാക്കളേ!
വസുധയോടൊരു വാക്കുചൊന്നി,ട്ടിതാ
വരികയായി ഞാൻ...''

(അന്നും ഇന്നും—ബാഷ്പാഞ്ജലി)

എന്നിങ്ങനെ അദ്ദേഹം സാഹസവാക്കുകൾ ഉഴറിപ്പറയുന്നുമുണ്ട്. പക്ഷേ,

Digitized By Kerala Sahitya Akademi

'വിജയലക്ഷ്മി അനുകൂലയല്ലെ'ന്നു് അറിയുമ്പോൾ മാത്രമാണു് ഇത്തരം ആവേശപൂർവ്വമായ ജല്പനങ്ങൾ!

## പണ്ഡിതകവി

'ബാഷ്പാഞ്ജലി'യുടെ പ്രസിദ്ധീകരണം; രാഘവൻപിള്ളയുടെ മരണം; 'രമണ'ൻെറ പ്രചരണം; വിദ്യാൎത്ഥിജീവിതത്തിൻെറ പുനരുദ്ധാരണം. മൂന്നാലു വർഷങ്ങൾകൊണ്ടുണ്ടായ ഈ സംഭവവികാസങ്ങൾ 'ചങ്ങമ്പുഴ'യ്ക്കു് പല പരിവൎത്തനങ്ങളും വരുത്തിവെച്ചു. കേരളീയസഹൃദയലോകം തൻെറ കവിതകളിൽ കണ്ണും കരളുമൎപ്പിക്കുന്നുവെന്നു് അദ്ദേഹത്തിനു ബോധ്യം വന്നു. പണ്ഡിതരായ ചില വിമർശകരും കവിമൂർദ്ധന്യന്മാരും മാത്രമേ—അന്തർഗൎവ്വാകൊണ്ടോ അസൂയകൊണ്ടോ!—തനിക്കു് കലാജീവിതവൈരികളായി ഉള്ളുവെന്നും അറിവായി. ചങ്ങമ്പുഴയുടെ ജീവിതത്തിനും കലാസേവനത്തിനും ഒരു തലയെടുപ്പുണ്ടായതു് ഈ ഘട്ടത്തിലാണു്. അവശ്യം വേണ്ട പാണ്ഡിത്യവും ഇതിനകം അദ്ദേഹം സമാർജ്ജിച്ചു. 'പാണ്ഡിത്യ'മെന്നോ? അതെ, പാണ്ഡിത്യം തന്നെ. മാഘാദിമഹാകാവ്യങ്ങളും പ്രൗഢമനോരമയും മാറും സ്വാദ്ധ്യായം ചെയ്തുണ്ടാക്കിയ ഏകമുഖമായ പാണ്ഡിത്യമല്ലായിരുന്നു അതു്. ഹിന്ദിയിലും ഇംഗ്ലീഷിലും കൂടെ വിശ്വവിഖ്യാതി പെററ സാഹിത്യകാരന്മാരെ സനിഷ്കർഷം അദ്ദേഹം വായിച്ചുപഠിച്ചു. മലയാളക്കരയിലുണ്ടായിട്ടുള്ള ഏതു മഹാകവിക്കും അസൂയ തോന്നുന്നതരത്തിൽ ചങ്ങമ്പുഴ വിശ്വസാഹിത്യവുമായി ഇടപഴകിയിട്ടുണ്ടു്. ഇതിനകം കഠിനപ്രയത്നംകൊണ്ടുതന്നെ സ്വായത്തമാക്കിയ കാവ്യശൈലിയും, രചനാസൗഷ്ഠവവും 'മുഖമിഹാനക്ഷരം സുന്ദരാംഗം' എന്നപോലെ ചങ്ങമ്പുഴക്കവിതകൾക്കു് നിത്യമായ ചിത്തശല്യങ്ങളാകരുതല്ലോ: അതെ, അങ്ങനെ ആകാതിരിക്കാൻ തക്കവണ്ണം അദ്ദേഹം വിപുലമായ തോതിൽ ഗ്രന്ഥപരിചയം നേടി! ചങ്ങമ്പുഴയെ ഇന്നത്തെ മഹാകവി ചങ്ങമ്പുഴയാക്കിയതു് അദ്ദേഹത്തിൻെറ ഈ നിഷ്കൃഷ്ടമായ സാരസ്വതസപര്യതന്നെയാണു്—പഴത്തൊലിയോ പായസച്ചോറോ അല്ല.

രാഘവൻപിള്ളയുടെ ആദർശപരത്വവും തജ്ജന്യമായി അദ്ദേഹത്തിൻെറ കവിതകളിൽ കാണുന്ന ഏകതാനതയും മാത്രം കൊണ്ടു് ഇടപ്പള്ളി പ്രസ്ഥാനം ചരിതാൎത്ഥമാവില്ലായിരുന്നു. അതൊരു പ്രസ്ഥാനംതന്നെ ആകാമായിരുന്നോ ആവോ. ഇതാ ചങ്ങമ്പുഴയുടെ അനന്തരകാവ്യജീവിതം ഇടപ്പള്ളി പ്രസ്ഥാനത്തെ ലബ്ധപ്രതിഷ്ഠമാക്കിത്തീൎത്തിരിക്കുന്നു! ആട്ട

Digitized By Kerala Sahitya Akademi

കഥാപ്രസ്ഥാനത്തിന്നു് കൊട്ടാരക്കരത്തമ്പുരാൻ ശിലാസ്ഥാപനം ചെയ്തു മാറി. കോട്ടയത്തു തമ്പുരാൻ അതിന്മേൽ ഒരു രമണീയസൗധം കെട്ടിപ്പടുത്തു. ഇതുതന്നെയാണു് ഇടപ്പള്ളിപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം രാഘവൻപിള്ളയേയും ചങ്ങമ്പുഴയേയും പററി പറയാവുന്നതു്.

## ചങ്ങമ്പുഴയുടെ വ്യക്തിത്വം

മനുഷ്യനെന്ന നിലയ്ക്കും കവിയെന്ന നിലയ്ക്കും ചങ്ങമ്പുഴ മററു മലയാളകവികളിൽനിന്നും പലതുകൊണ്ടും ഒററപ്പെട്ടു നില്ക്കുന്നു. വാസ്തവത്തിൽ ചങ്ങമ്പുഴയെ കവിയായും മനുഷ്യനായും മാററിനിർത്തി നോക്കാൻ സാദ്ധ്യമല്ല. അങ്ങനെ രണ്ടു ജീവിതം അദ്ദേഹത്തിനില്ലായിരുന്നു. ആ മനുഷ്യൻതന്നെ കവി; ആ കവിതന്നെ മനുഷ്യനും. കവിതകൾ ഒന്നടങ്കം ഒന്നു നോക്കൂ. മിക്കതും കർത്തൃപ്രധാനമാണു്; ആത്മാവിഷ്കരണപരമാണു് (Subjective); വളരെ ദുർല്ലഭം കവിതകളേ വസ്തുപ്രധാനമായി കാണുന്നുള്ളു. അവയിൽത്തന്നെ അതിർവരമ്പു തിരിക്കാൻ പാടില്ലാത്ത വിധത്തിൽ ആത്മാവിഷ്കരണത്തിന്റെ അനിഷേദ്ധ്യചിഹ്നങ്ങൾ തെളിഞ്ഞു കാണാം. അതുകൊണ്ടു് ആ ജീവിതമാകട്ടെ, ആ കവിതകളാകട്ടെ ഏതു ചുഴിഞ്ഞു നോക്കിയാലും അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ സംബന്ധിച്ചു സമാനമായ നിഗമനത്തിലേ നാം എത്തിച്ചേരൂ.

### തികഞ്ഞ ആത്മാർത്ഥത

ചങ്ങമ്പുഴ ഒരു കവിയായി ജനിച്ചു, കവിയായി ജീവിച്ചു എന്നതാണു് ഇതിനു കാരണം. വളരെ കുട്ടിക്കാലത്തുതന്നെ അദ്ദേഹത്തിൽ താനൊരു കവിയാണെന്ന ബോധം കടന്നുകൂടിയിരുന്നു. ഒരു കവി ആയിത്തീരണമെന്നു് അദ്ദേഹം ബോധപൂർവ്വം ഒരിക്കലും ചിന്തിച്ചുകാണുകയില്ല. അതുകൊണ്ടു് കവികളുടെ ലോകത്തിലേയ്ക്കു്—അങ്ങനെയൊന്നു് വ്യക്തിയുടേതിൽനിന്നു വേർതിരിഞ്ഞു പുലരുന്നുണ്ടെങ്കിൽ—അദ്ദേഹത്തിന്റെ ഭാവനയെ കൃത്രിമമായി ഉയർത്തുകയോ, അവിടെയുള്ള കല്പനാവൈചിത്ര്യങ്ങളെ (തനിക്കു മുമ്പുള്ള കവികൾ ആ ലോകത്തിൽ ഒട്ടേറെ അത്തരം 'കല്പന'കളെ പടച്ചുവെച്ചിട്ടുണ്ടു്!) കൃത്രിമമായി സ്വായത്തമാക്കാൻ ശ്രമിക്കുകയോ ചെയ്യുന്നതിൽ അദ്ദേഹം ഒരിക്കലും വെമ്പിയിട്ടില്ല. താനൊരു കവിയാണു്; തന്റെ ഹൃദയം കാവ്യാനുഭൂതികൊണ്ടു് നിറഞ്ഞതാണു്; താൻ ജീവിക്കുന്നതുതന്നെ കവിതയുടെ ലോകത്തിലാണു്; അതുകൊണ്ടു താൻ മററാരുടേയും അനുഭവങ്ങളോ വികാരങ്ങളോ പകർത്താതെ സ്വന്ത

Digitized By Kerala Sahitya Akademi

മായുള്ളതു മാത്രം പ്രകാശിപ്പിച്ചാൽ മതി; അപ്പോളതു തന്റെ കവിതയായി; അപ്പോഴേ അതു തന്റെ കവിതയാകൂ—ചങ്ങമ്പുഴക്കവിതകളുടെ ഹൃദയത്തിൽ കയ്‌വെച്ചു നോക്കിയാൽ ഈ ആത്മാർത്ഥതാപ്രകടനം മിടിക്കുന്നതു് ഏതു ഭാവുകനും അനുഭവപ്പെടും.

## ആത്മാഹുതി

ജനിച്ചതിനോടുള്ള പകവീട്ടലാണു ജീവിതം, ഈ അഭിപ്രായം പലവുരു ചങ്ങമ്പുഴ പറയുന്നതു കേട്ടിട്ടുണ്ടു്. ജീവിതത്തെപ്പറ്റിയുള്ള പരശ്ശതം നിർവ്വചനങ്ങളിൽ അദ്ദേഹം അല്പമെങ്കിലും വിലമതിച്ചു കണ്ടിട്ടുള്ളതു് ഇതിനെയാണു്, സ്വജീവിതംകൊണ്ടു് അദ്ദേഹം അതു് ഏറെക്കുറെ പ്രകടമാക്കുകയും ചെയ്തു. ഏതിലും കാണാം ഈ പകവീട്ടാനുള്ള വെമ്പൽ. സാധാരണ ജീവിതാനുഭവങ്ങളെക്കൊണ്ടു് ആ കവിഹൃദയം തൃപ്തിയടയാതെ വരുമ്പോഴെല്ലാം അസാധാരണ ജീവിതാനുഭവങ്ങളിലേയ്ക്കു് അതു കണ്ണടച്ചു പായും. അമ്പോ! നാമെല്ലാം കേട്ടാൽപ്പോലും സ്തംഭിച്ചു പോകുന്നതരത്തിലുള്ള അനുഭവശതങ്ങളെ ചങ്ങമ്പുഴ അറിഞ്ഞുകൊണ്ടു സമാശ്ലേഷിച്ചിട്ടുണ്ടു്. അതെല്ലാം അപ്പഴപ്പോൾ കവിതകളിലേയ്ക്കു പകർത്തിയിട്ടുമുണ്ടു്. ഇന്നത്തെ അനുഭവമല്ലാ നാളത്തേതു്; അതുകൊണ്ടുതന്നെയാണു ചങ്ങമ്പുഴയുടെ ഇന്നത്തെ കവിതയിൽനിന്നും നാളത്തേതു് 'ആദർശ'വിഷയത്തിൽ കടകവിരുദ്ധമായി പലപ്പോഴും കാണപ്പെടുന്നതു്. ആ ഭൗതികജീവിതത്തെ ഇത്ര പൊടുന്നനെ തകർത്തുകളഞ്ഞതു് ഈ അനുഭവങ്ങൾക്കുവേണ്ടിയുള്ള പരക്കംപാച്ചിലാണു്. സമുദായവും അതിന്റെ നീതിയും തന്മൂലം ആ മനുഷ്യനെ കർശനമായി ഭർത്സിച്ചിട്ടുണ്ടു്; വെറുത്തിട്ടുണ്ടു്; കൊഞ്ഞനം കാട്ടിയിട്ടുണ്ടു്. എന്നാലും അതുള്ളിലേതും കുലുക്കമില്ല!' ജീവിതംകൊണ്ടു് ഇങ്ങനെ അഗ്നിപരീക്ഷണം നടത്തി, അദ്ദേഹം ചുട്ട കവിതകളെഴുതി സ്വയം കൃതാർത്ഥനായി വന്നു. അന്ത്യകാലത്തു വാതരോഗം കൊണ്ടു് ഞരമ്പുകൾ വലിയുകയും പിടയുകയും ചെയ്യുമ്പോൾ, അങ്ങനെ അസഹ്യയാതന ശാരീരികമായി അനുഭവിക്കുമ്പോൾ, രാജയക്ഷ്മാവും അതിന്റെ ഉഗ്രഫണം വിടർത്തി ആ കരളുകളെ ആഞ്ഞാഞ്ഞു് കൊത്തിക്കീറുമ്പോൾ, ആ അനുഗൃഹീതകവി പാടും:

"'വേദന വേദന ലഹരിപിടിക്കും
വേദന'—ഞാനിതിൽ മുഴുകട്ടെ.
മുഴുകട്ടേ മമ ജീവനിൽ നിന്നൊരു
മുരളീമൃദുരവമൊഴുകട്ടെ..."

Digitized By Kerala Sahitya Akademi

ഹേ, സാധാരണ മനുഷ്യാ, താനിതു കേട്ടിട്ട് എന്തു പറയുന്നു? താനൊരു സഹൃദയനാണല്ലോ. ഇതൊന്ന് ഓർത്തുനോക്കു, ഞെട്ടാതെ. കവിതാദേവതയുടെ ബലിപീഠത്തിൽ ഇങ്ങനെ ആത്മാഹുതിചെയ്ത്, ആ ദേവതയുടെ പൂർണ്ണാനുഗ്രഹം നേടിയ എത്ര കവിശേഖരന്മാർ മലയാളക്കരയിൽ ജനിച്ചുവളർന്ന് മരിച്ചിട്ടുണ്ട്? ആ ജീവിതം പരാജയപ്പെട്ടെന്നു പറയാൻ നിങ്ങൾക്കു ധൈര്യമുണ്ടോ?

## ജീവിതാദർശം

മതി; ഇത്രയും പറഞ്ഞാൽമതി; ചങ്ങമ്പുഴക്കവിതകളിൽ കാണുന്ന ആദർശവൈരുദ്ധ്യം, ജ്വരജല്പനം, വികാരമൂർച്ഛ വിപ്ലവമനോഭാവം... ഇങ്ങനെ എടുത്തെടുത്തു പറയാവുന്ന പല പല വ്യക്തിത്വങ്ങൾക്കും അവലംബമെന്തെന്നും നീതീകരണമെങ്ങനെയെന്നും സ്പഷ്ടമാകും. കുട്ടിക്കാലത്ത് ഒരു തികഞ്ഞ ആത്മീയവാദി; നാണം കുണുങ്ങി;ഒതുങ്ങിയ മട്ടുകാരൻ. യുവത്വത്തിലേയ്ക്കു കടന്നപ്പോൾ ഒരു നാസ്തികനെപ്പോലെശങ്കാവിഷ്ടൻ;ഭൗതികവാദി;വിപ്ലവകാരി; ഗർവ്വിഷ്ഠൻ. അന്ത്യകാലമടുക്കാറായപ്പോഴേയ്ക്കും എല്ലാംകൂടി ഒരു കൂട്ടിക്കുഴയൽ. "കപടലോകത്തിലാത്മാർത്ഥമായൊരു ഹൃദയമുണ്ടായതാണെൻ പരാജയം" എന്ന് ആദ്യകാലഘട്ടത്തിൽ ലോകത്തിന്റെ കാപട്യം കണ്ട് ആ കവികിശോരൻ ഹൃദയവ്യഥ പൂണ്ടു: തത്വചിന്തയിൽ, ഭാരതീയതത്വചിന്തയിൽ അദ്ദേഹം ആശ്വാസം കൊണ്ടു. "മാനസത്തിന്റെ വിശപ്പിനു മാത്രമാ മാമുനിശ്രേഷ്ഠന്മാർ പിച്ചതെണ്ടി." എന്നിങ്ങനെ ആർഷഭാരതത്തെ അന്ന് മനസാ ആരാധിച്ചു. അധികനാൾ കഴിഞ്ഞില്ല; അദ്ദേഹം കവിതയെന്ന "ജടതൻ ജ്വരജല്പനമയമായ മായ" എന്നും മററും ആ ആർഷ സംസ്കാരത്തെത്തന്നെ അന്തസ്സാരശൂന്യമായും അവഹേളനാർഹമായും കണ്ട് ചവിട്ടിത്തേച്ചു. കാളിദാസന്റെ കവിതയേയും വൃന്ദാവനസുഷമയേയുംപററി പാടിയ കവി അടുത്തടുത്ത് ഒരേ കവിതയിൽത്തന്നെ മിശിഹായുടെ തിരുഹൃദയത്തിന്റെ വിശദരുചിയേയും 'മുനികൾക്കും മുനിയായ' കാറൽ മാർക്സിന്റെ ധനതത്വപ്രണവത്തേയും ഒന്നിച്ചു മാനിക്കുന്നുണ്ട്. ഇങ്ങുംകളും മാത്സര്യമാംസാദിയും ചിരികളി തമാശയും ഉള്ള ഭുവനതലസ്വർഗ്ഗത്തിൽ ഉദ്ധതനായി നിന്നുകൊണ്ട് കവി വേദാന്തത്തെ ആട്ടിയോടിക്കാനും മുതിർന്നിട്ടുണ്ട്. അപ്പോൾത്തന്നെ, ചാരായക്കടയായ ഈ ലോകത്തിലേയ്ക്ക് എന്തിനാണു തന്നെ അയച്ചതെന്നു വിധിയോട് പരിഭവം കലർന്ന ഒരു ചോദ്യവും ചോദിക്കുന്നു! ആ പരിഭവത്തിന്റെ വിറകൊള്ളൽ നിശ്ശേഷം മാറിക്കഴിഞ്ഞിട്ടില്ലാത്ത ചുണ്ടു

Digitized By Kerala Sahitya Akademi

കൊണ്ടുതന്നെ, "അരികിൽ വരികയേ ഹൃദ്യമേ, മദ്യമേ നീ" എന്നു് അതേ ചാരായത്തെ അഭിസംബോധനം ചെയ്യുന്നു! എന്തിനധികം? സ്വജീവിതംകൊണ്ടു് യഥേഷ്ടം പന്തടിച്ചു കേളിയാടിയ ചങ്ങമ്പുഴയോടു്, ഗൗരവത്തിൽ ആ കളിപ്പന്തിനെപ്പററി ഒരുറച്ച അഭിപ്രായം ചോദിച്ചുപോകരുതു്. ചോദിച്ചാൽ ചിലപ്പോൾ, കളിയിൽ കോപിച്ചു്, അതെടുത്തു നിങ്ങളുടെ മുഖത്തേക്കു് ഒരേറു തരും. അല്ലെങ്കിൽ അദ്ദേഹം നിങ്ങളേയും കളിക്കൂട്ടിനു വിളിക്കും. എന്നിട്ടു് ആ ചോദ്യത്തിനുത്തരം നിങ്ങളെക്കൊണ്ടു പറയിക്കാൻ നോക്കും. നല്ല കഥയായി! ലോകോൽപത്തി മുതൽ ഇന്നോളം ഈ ചോദ്യം പലരും ചോദിച്ചതാണു്; പലരുമിതിനു് മറുപടിയായി 'പച്ചക്കള്ളങ്ങൾ' പറഞ്ഞിട്ടുമുണ്ടു്; പക്ഷേ, ചങ്ങമ്പുഴയോ അദ്ദേഹത്തിൻെറ കവിതയോ അങ്ങനെയൊരു 'നുണ' പറയാൻ ഭാവമില്ലെന്നേ ഇതിൽനിന്നും ഗ്രഹിക്കേണ്ടതുള്ളു.

## സ്വരരാഗസുധ

"ചിന്തിപ്പിക്കുന്നതിനേക്കാളേറെ എന്നെ ചിരിപ്പിക്കുകയും കരയിക്കുകയും പുളകം കൊള്ളിക്കുകയും ചെയ്ത ചില നിമിഷങ്ങൾ—സ്വർഗ്ഗത്തിൽനിന്നും പറന്നെത്തി അങ്ങോട്ടുതന്നെ പറന്നുപോയ ആ ചിത്രശലഭങ്ങൾക്കു പിമ്പേ വെമ്പിക്കുതിച്ച എൻെറ കലാകൗതുകത്തിൻെറ കൈവിരലുകളിൽ പാററിയ ചില വർണ്ണരേണുക്കളാണു് ഈ പുസ്തകത്തിലെ ഈരടികൾ." സ്വരരാഗസുധയെപ്പററി കവി സ്വയം ചെയ്ത ഈ പ്രസ്താവനയെ മാനിച്ചു്, തെല്ലൊന്നു മാറിനിന്നു് മനനം ചെയ്ക മാത്രമാണു് ഇനി എൻെറ കർത്തവ്യം. കവിതന്നെ ഏററുപറയുന്ന, അദ്ദേഹത്തിൻെറ ഈ കൃതിയും ചിന്താപരം എന്നതിനേക്കാൾ കൂടുതൽ വികാരപരം ആണെന്നു്. എന്നാൽ, ചങ്ങമ്പുഴയുടെ ഈ അന്ത്യകൃതിയിലെ ചില കവിതകളിൽ നിറഞ്ഞുവഴിയുന്ന വികാരത്തള്ളൽ അദ്ദേഹത്തിൻെറ ഇതരകൃതികളിൽ ഏതിനെഅപേക്ഷിച്ചും കൂടുതൽ നമ്മെ ചിന്താകലരാക്കുന്നവെന്നാണു് എനിക്കു തോന്നുന്നതു്. ആ കൃതികളെ പ്രത്യേകമെടുത്തു് ഒന്നപഗ്രഥിക്കാം. ചങ്ങമ്പുഴക്കവിതയോടു ചെയ്യാവുന്ന ഔപരാധമായി ഈ അപഗ്രഥനത്തെ ആരും വീക്ഷിക്കാതിരുന്നാൽ ഞാൻ ധന്യനായി.

## മനസ്വിനി

ചങ്ങമ്പുഴക്കവിതകളിൽ എന്നെ ഏററവും ആകർഷിച്ചിട്ടുള്ളതു് 'മനസ്വിനി'യാണു്. എൻെറ അറിവു ശരിയാണെങ്കിൽ 'മനസ്വിനി'യെ അദ്ദേഹത്തിൻെറ അന്ത്യകൃതിയായി കണക്കാക്കാം. ദിനംപ്രതി രോഗം

Digitized By Kerala Sahitya Akademi

വർദ്ധിച്ചുവരുന്ന ഘട്ടത്തിൽ ശയ്യാവലംബിയായി അദ്ദേഹം രചിച്ച കവിതയാണിതു്. 'ജയകേരളം' വിശേഷപ്പതിപ്പിലേയ്ക്കു് ഒരു കവിത വേണമെന്നു് (തൽഭാരവാഹികളുടെ നിർദ്ദേശമനുസരിച്ചു്) ആവശ്യപ്പെട്ടുകൊണ്ടു് ഞാൻ ചങ്ങമ്പുഴയ്ക്കു് എഴുതി. ആയിടയ്ക്കൊന്നും കവിതയെ എഴുതാറില്ലെന്നും, എന്നാൽ ഈ ആവശ്യം നിറവേററാൻ വേണ്ടി ഒന്നെഴുതാൻ ശ്രമിക്കാമെന്നും, ഫലിച്ചാൽ ഒരാഴ്ചയ്ക്കകം അയച്ചുകൊള്ളാമെന്നും എനിക്കു മറുപടി കിട്ടി. പറഞ്ഞ അവധിക്കു മുമ്പേതന്നെ 'മനസ്വിനി'യുടെ കൈയെഴുത്തുപ്രതി എൻെറ കൈവശം വന്നുചേർന്നു. ഞാൻ അതു് ഒരാവൃത്തി വായിച്ചു; രണ്ടാവൃത്തി—മൂന്നാവൃത്തി! മതിവന്നില്ലാ. ഹൃദിസ്ഥമാകുന്നതുവരെ വായിച്ചു, അത്ഭുതപ്പെട്ടുകയും ചെയ്തു. ചങ്ങമ്പുഴക്കവിത എത്രയും അന്നോളം ഞാൻ അതിലെ ആശയചമൽക്കൃതി ആസ്വദിക്കാൻ പക്ഷെ, ഒന്നല്ലെങ്കിൽ രണ്ടുതവണ മാത്രമേ വായിക്ക പതിവുള്ളൂ. കണ്ഠമാധുരിയുള്ളവർ എത്രതന്നെ പാടിയാലും കേൾക്കാൻ കൗതുകമുണ്ടായിരുന്നു. എന്നാൽ 'മനസ്വിനി'യാകട്ടെ എൻെറ ഹൃദയത്തിനു് രോമാഞ്ചകഞ്ചുളിയും ബുദ്ധിക്കു് രോമന്ഥവിഷയവും തന്നരുളി! ആ കവിതയ്ക്കു് കവിയുടെ ആത്മകഥാപരമായ ഒരു പശ്ചാത്തലമുണ്ടായിരിക്കുമെന്ന വിശ്വാസം എന്നിൽ പ്രബലമായി. ഞാൻ ഈ സംശയം എഴുതിച്ചോദിച്ചു. പരേതനായ ആ സുഹൃത്തിൻെറ ആത്മാവിനോടു് ക്ഷമായാചനം ചെയ്തുകൊണ്ടു്, 'മനസ്വിനി'യുടെ മാഹാത്മ്യം തികച്ചും സഹൃദയർ മനസ്സിലാക്കട്ടെ എന്നുമാത്രം കരുതി, എനിക്കു കിട്ടിയ മറുപടി ഇവിടെ ഉദ്ധരിക്കുന്നു:

ശ്രീ

ശ്രീദേവിമന്ദിരം,
ഇടപ്പള്ളി,
29—11—1122.

പ്രിയസുഹൃത്തേ,

അയച്ച കത്തു കിട്ടി. വളരെ സന്തോഷിക്കുന്നു.

............................................................................

ഈ കവിതയ്ക്കു് വിശേഷിച്ചു് ഒരു പശ്ചാത്തലവുമില്ല. സുശീലയായ എൻെറ ഭാര്യയുടെ അതിരററ സ്നേഹവും സഹനശക്തിയും എൻെറ മനോമണ്ഡലത്തിൻെറ ഓരോ കോണിനെപ്പോലും ഇളക്കി മറിച്ചിട്ടുണ്ടു്............................ ........ഇങ്ങനെ എഴുതാൻ തുടങ്ങിയാൽ പലതുമുണ്ടു്. അതു് ഇനി ഒരവസരത്തിലായിക്കൊള്ളാം. എൻെറ ദീന

Digitized By Kerala Sahitya Akademi

ശയ്യയിൽ അവളുടെ പരിചരണം എൻെറ ഹൃദയത്തെ എന്തെന്നില്ലാതെ മഥിച്ചതിൻെറ ഫലമാണ് ആ കവിത...................,

എനിക്ക് നാൾക്കുനാൾ സുഖക്കേട്ട് വർദ്ധിച്ചുവരികയാണ്. ചികിത്സ മുറയ്ക്ക് നടക്കുന്നുണ്ട്.

താങ്കൾക്ക് ക്ഷേമംതന്നെ എന്നു വിശ്വസിക്കുന്നു.

എന്ന് സ്നേഹപൂർവ്വം

സ്വ. ചങ്ങമ്പുഴ ( ഒപ്പ്)

ഈ കത്ത് ഇങ്ങനെ, ഇവിടെ, പ്രസിദ്ധീകരിച്ചതിന് എൻെറ ഉദ്ദേശശുദ്ധി കരുതി അനുവാചകരും, വിശിഷ്യ ശ്രീ. ശ്രീദേവി ചങ്ങമ്പുഴയും എനിക്ക് മാപ്പുതരുമെന്നു വിശ്വസിക്കട്ടെ. ഇനി ആ കവിത വായിക്കൂ:

"ജാതകദോഷം!—വന്നെന്തിന്നെൻ
ജായാപദവി വരിച്ചു നീ?
പല പല രമണികൾ വന്നു; വന്നവർ
പണമെന്നോതി—നടുങ്ങീ ഞാൻ!
പല പല കമനികൾ വന്നു, വന്നവർ
പദവികൾ വാഴ്ത്തി—നടുങ്ങീ ഞാൻ!
........................................."

'മനസ്വിനി'യിലെ പ്രതിപാദ്യത്തെപ്പററി ഇതിൽക്കൂടുതൽ ഒന്നും പറയേണ്ടല്ലോ. ഇനി ആ പ്രതിപാദനരീതി ഒന്നു നോക്കൂ. വൃത്തം, വൃത്തി, രീതി, ശയ്യ, പാകം, ഗുണം, അലങ്കാരം...............എല്ലാററിലുമുണ്ട് അന്യാദൃശമായ മനോഹാരിത. ഓരോന്നുമെടുത്തു പറഞ്ഞാൽ അതുതന്നെ ഒരു മഹാപ്രബന്ധമാകും. അതാ രാമായണചമ്പൂകാരനായ പുനംനമ്പൂരിയുടെ മുഖം അസൂയാകലുഷിതമാകുന്നു. എങ്കിലും അദ്ദേഹം നന്ദനോദ്യാനത്തിലെ മന്ദാരത്തോപ്പിലുള്ള നീലശിലാതളിമത്തിൽ ചങ്ങമ്പുഴയെ ഇരുത്തി തിലോത്തമയെക്കൊണ്ടും രംഭയെക്കൊണ്ടും ഈ വരികൾ വീണ്ടും വീണ്ടും ഉൽഗാനം ചെയ്യിക്കുന്നു:

"കതിരുതിരുകിലുമദൃശ്യശരീരികൾ
കാമദകാനനദേവതകൾ,
കലയുടെ കമ്പികൾ മീട്ടും മട്ടിൽ
കളകളമിളകീ കാട്ടുകളിൽ!

*          *          *

Digitized By Kerala Sahitya Akademi

മിഥ്യാവലയിതസത്യോപമരുചി
തത്തി ലസിച്ചു, മമ മുന്നിൽ!

*        *        *

സത്വഗുണശ്രീ ചെന്താമരമലർ
സസ്മിതമഴകിൽ വിടർത്തിയപോൽ
ചട്ടലോൽപലദളയുഗളം ചൂടി-
ച്ചന്ദ്രിക പെയ്തു നിൻവദനം!"

അവരോടൊപ്പം ആസഹ്യമായ ആനന്ദഭാരത്തോടെ സുന്ദരപദസാർവ്വഭൗമനായിരുന്ന പുനവും,

"അദ്വൈതാമലഭാവസ്പന്ദിത
വിദ്യുന്മേഖല പൂകീ ഞാൻ!!"......

എന്നു് ആത്തുൽഘോഷിക്കുന്നു! ഈ സ്വരരാഗസുധാപാനംകൊണ്ടു് ആ അമൃതാശികൾ അനശ്വരന്മാരാകട്ടെ!

## രാക്കിളികൾ

ചിന്തോജ്ജ്വലമായ കവിതകളിൽ അട്ടത്തു മികച്ചുനിൽക്കുന്നതു് 'രാക്കിളി'കളാണു്. വിപ്ലവമദം ഉണ്ടാക്കുന്ന പുതിയ മുന്തിരിച്ചാറു് കേരളത്തിന്റെ ഒരു പഴയ സമ്പ്രദായ ചഷകത്തിൽ പകർന്നതിന്റെ ഫലമാണു് ഈ കവിത. നമ്മുടെ നാടോടിപ്പാട്ടുകളിൽ പ്രമുഖമായ ഒന്നാണു് *തുയിലുണർത്തുപാട്ടു്. രസകരമായ ഒരുല്പത്തികഥ അതിനുണ്ടു്: ശ്രീപരമേശ്വരൻ ഒരു നീണ്ട തുയിൽ കൊണ്ടു; പലരും അദ്ദേഹത്തെ ഉണർത്താൻ ശ്രമിച്ചു; പററിയില്ല. ഒടുവിൽ, പറയിപെററ പന്തിരുമക്കളിൽ ഒരുവനായ (?) തിരുവരങ്കൻ എന്ന പാണനാർ പരമേശ്വരനെ ചൊല്ലിപ്പാടിയുണർത്തി. 'ശീവോതി' കനിഞ്ഞു തിരുവരങ്കനു പല വരങ്ങളും അരുളി. അതൊന്നും അയാൾക്കു ഗുണപ്പെട്ടില്ല. ഭഗവാൻ തന്നെ ഇങ്ങനെ അരുളിപോലും:

"ഒരാണ്ടിൽ പന്ത്രണ്ടു തിങ്ങളുണ്ടല്ലോ. പന്ത്രണ്ടിലും പരമായ കള്ള

---

* 'തുയിലുണർത്തു്' എന്നതാണു് ശരി. തമിഴിൽ 'തുയ്' ധാതുവിനു് ആനന്ദിക്കുക എന്നർത്ഥം. (തുയ്=to enjoy; mainly sexual enjoyment) ഇതിൽനിന്നാണു് ഉറക്കം എന്നർത്ഥത്തിൽ 'തുയ്' ഉണ്ടായതു്. തുകിൽ = ആട; തുകൽ = തോൽ. അതുകൊണ്ടു് തുകിലുണർത്തും തുകലുണർത്തും തെററാണെന്നു് സ്പഷ്ടം.

Digitized By Kerala Sahitya Akademi

ക്കടകമാസംകാലത്തിങ്കൽ...കള്ളരോ ദുഷ്ടരോ മററുപല ശത്രുക്കളോ എന്നറിയാതെകണ്ടു നമ്മുടെ മാളോരുടെ പടിക്കൽ ചെന്നു് എന്നേക്കൊണ്ടും എൻെറ ശീവോതിയെക്കൊണ്ടും അനേകായിരം നാമമുണ്ടെടോ. അതിലൊരു നാമം ചൊല്ലിപ്പാടി സ്തുതിച്ചുകൊണ്ടാൽ ജനാദികൾ കേട്ടിരിക്കും. മൂഢരുപോയി ഉറങ്ങിക്കളയും. രണ്ടു മുണ്ടുള്ളവൻ ഒരു മുണ്ടു തരമെടാ. ചേരമാൻ തിരുവരങ്കാ! ഒരു വെററില തിന്നുന്നോർ പകുതി വെററിലയും തരുമേടാ."

പഞ്ഞംപിടിച്ച കക്കടകത്തിൽ പാണർ തിരുനാമം പാടി മാളോരെ തുയിലുണർത്തുന്ന സമ്പ്രദായം ഇന്നും കേരളത്തിൽ നടപ്പുണ്ടു്. ചങ്ങമ്പുഴയുടെ പുതിയ 'തുയിലുണർത്തു'പാട്ടിന്റെ ഔചിത്യം ഈ പഴയ ആചാരത്തിൻെറ വെളച്ചത്തിൽ ആസ്വദിക്കാം.

അഴിമതിയും അവശതയും അററുള്ള ഒരാനന്ദപ്പുലരിയിൽ നവലോകം കണികാണാൻ കവിമാതിനെ രണ്ടു രാക്കിളികൾ—ഒരു യുവാവും അയാളുടെ കണ്മണിയായ യുവതിയും—തുയിലുണർത്തുന്നു. കരുണരസജലവിമലയും, ധൃതകമലയും, ധ്വനിതരളയുമായ കവിമാതിനു് അവർ ജയം കുറി, മാറിമാറി ഇങ്ങനെ ചൊല്ലിപ്പാടുകയാണു്:

"കവിമാതേ, പുതിയ ലോകം
കണികാണാൻ തുയിലുണരൂ!
തുയിലുണരൂ, പഴയ ലോകം
തുലഞ്ഞുകാണാൻ തുയിലുണരൂ
........................"

കേരളത്തിൽ ഇന്നലെവരെ ക്ലേശത്തിനായി മാത്രം ഇറങ്ങിപ്പുലർന്ന പന്ത്രണ്ടു തിങ്ങളും, ഈ പുതിയ ലോകത്തിൽ പദമൂന്നുന്നതെങ്ങനെയെന്നും ആ രാക്കിളികൾ വർണ്ണിക്കുന്നു. 'കർക്കിടകക്കരിമാസം, വിപ്ലവവെയ്‌ലേററിളകി വിത്തമദം കക്കുകയായ്: ചിങ്ങമരച്ചില്ലകളിൽ തിരുവോണച്ചെല്ലമണിക്കുയിൽ കൂവി...' തൊഴിലുകളിൽ ഉണർവ്വരുളിയ മഹർഷിവരേണ്യനായ കാറൽ മാർക്സിനെ മാനിക്കാൻവേണ്ടി കവിമാതു് തുയിലുണരട്ടെ എന്നിങ്ങനെ ആ നവലോകസംവിധാനം, 'ജനവിഭവതുലനഫലമധു നുകരാ'ൻ തക്കവണ്ണം മാർക്സിയൻ സിദ്ധാന്തത്തിൻെറ അടിസ്ഥാനതത്വത്തിൽ ആയിരിക്കണമെന്നും ശംസിക്കുന്നു. (മാർക്സിയൻ സിദ്ധാന്തത്തെ മാനിക്കുന്നതോടൊപ്പം അഹിംസയെ അംഗീകരിക്കുന്നു കവിയെന്നു് ഇന്നത്തെ അട്ടിമറിപ്പൻ കമ്മ്യൂണിസത്തെ അനുസ്മരിപ്പിക്കട്ടെ.)

Digitized By Kerala Sahitya Akademi

പാട്ട് എന്ന പദത്തിന്റെ ധാതു 'പൺ' എന്നാണ്; പാണൻ എന്ന വാക്കും ആ ധാതുവിൽനിന്നും പിറന്നതാണ്. പാണരുടെ ജന്മാവകാശമാണു പാട്ടെന്നു സിദ്ധം. വംശാവകാശമാണു തുയിലുണർത്തൽ; അതവർ നടത്തുന്നതു പാതിരാപ്പുറമാണുതാനും. അവരെ 'രാക്കിളി'കളായി അധ്യവസായം ചെയ്തു, കർക്കടകംതൊട്ടു മിഥുനംവരെയുള്ള പന്ത്രണ്ടു തിങ്ങളും നമ്മുടെ നാട്ടിൽ പുതുമോടിയിൽ പുലരുന്നതിനെ ഉദ്ഭാവനംചെയ്ത്, പഴമയുടെ ജീർണ്ണിച്ച മണ്ണിൽ പുതിയ ലോകം ഉയിർത്തെഴുന്നേല്ക്കാൻ ഉണർന്നു നില്ക്കുന്നതിനു വേണ്ടി കവിമാതിനെ തുയിലുണർത്തുന്ന ഈ നൂതനകവനസമ്പ്രദായം മലയാളകവിതകൾക്കും മലയാളകവികൾക്കും വിപ്ലവാത്മകമായ ഒരു ദശാസന്ധിയെ വാഗ്ദാനം ചെയ്യുന്നുവെന്നേ പറയേണ്ടു.

## മയക്കത്തിൽ

ചങ്ങമ്പുഴക്കവിതയുടെ മററു മാഹാത്മ്യങ്ങളേതും വിസ്മൃതമാകട്ടെ, ധിക്കൃതമാകട്ടെ, ഒടുവിൽ, നാദബ്രഹ്മമുള്ള നാളോളം അഭംഗമായി അവശേഷിക്കുന്നതു് അതിന്റെ ശബ്ദമാധുരിയായിരിക്കും. ചെറുശ്ശേരി, പൂന്തം, വള്ളത്തോൾ, വെണ്ണിക്കുളം, ചങ്ങമ്പുഴ ഇവരഞ്ചുപേരാണു മലയാളഭാഷയുടെ പഞ്ചമസ്വരാലാപലോലരായ കവികോകിലങ്ങൾ. ചങ്ങമ്പുഴയെപ്പോലെ ശബ്ദമാധുരിയുടെ പൂർണ്ണാനുഗ്രഹം നേടാൻ കൊടുംതപസ്സ് മററുള്ളവർ അനുഷ്ഠിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. ഒരു കാലത്തു് (1938-39) Black, White, Cloud എന്നീ ഇംഗ്ലീഷ്പദങ്ങളെ അങ്ങനെതന്നെ ബലാകം, വിയതം, കലാദം എന്നിങ്ങനെ മലയാളീകരിച്ചു കവിതയിൽ മധുരപദസുലഭത വരുത്തിയാലെന്തെന്നുപോലും ചങ്ങമ്പുഴ ആലോചിച്ചിരുന്നു! (അങ്ങനെ ചില കവിതകൾ താൻ രചിക്കുമെന്നും നേരിട്ടു് ഒരിക്കൽ അദ്ദേഹം പറഞ്ഞിട്ടുണ്ടു്; ഉണ്ടോ എന്തോ?) ഈ ശബ്ദമാധുരീപ്രണയംകൊണ്ടു മതിമയങ്ങി, അതിനെത്തന്നെ നിദിധ്യാസംചെയ്ത്, അർദ്ധസുഷുപ്തിയിൽ ലയിച്ചപ്പോൾ അദ്ദേഹത്തിനു പ്രത്യക്ഷരായ അഞ്ചു നാദസുന്ദരികൾക്കു കവി, ദിവ്യത്വം ആദാനം ചെയ്തതിന്റെ ഫലമാണ് ഈ കവിത. ശബ്ദവീചികളിൽ മദാലസനൃത്തംചെയ്തണയുന്ന ആ വിശ്വമോഹിനികൾ കവിയുടെ മുന്നിൽ ഏതോ അലോകവിലാസപ്രപഞ്ചം തുറന്നിട്ടു; പെട്ടെന്നവർ മറയുകയും ചെയ്തു. കവി അതോടെ ഒരു നശിച്ച ലോകത്തിലേയ്ക്കു താണുപോയി! അദ്ദേഹത്തിന്റെ കണ്ണിൽ പരുഷാക്ഷരങ്ങൾ 'അസ്ഥിമാല ധരിച്ച സത്വ'ങ്ങളാണ്! വാതിൽമറയിൽ നാണംകുണുങ്ങി നില്ക്കുന്ന ആ 'ങ', ചുംബനത്തിനു ചുണ്ടു വിടുർത്തിനില്ക്കുന്ന ആ

Digitized By Kerala Sahitya Akademi

'മ്ബ'.........വേണ്ട, ഇങ്ങനെ എട്ടത്തെഴുതി ആ കലാജലകന്യകളെ ഞാൻ നാണംകെടുത്തുന്നില്ല; നിങ്ങൾ സ്വയം ആസ്വദിക്കിൻ.

ചങ്ങമ്പുഴക്കവിതകളുടെ അന്യാദൃശശബ്ദമാധുരിക്കു പിന്നിൽ മറെറാരു മഹാരഹസ്യംകൂടിയുള്ളതു മറച്ചുവെയ്ക്കുന്നില്ല. കവിക്കു പലപ്പോഴും അത്ഭുതാവഹമായ ഒരുതരം അനുഭവമുണ്ടായിട്ടുണ്ട്. അദ്ദേഹം മിക്ക നല്ല കവിതകളും രചിച്ചിട്ടുള്ളതു്, ശാരീരികവും മാനസികവുമായ ഓജസ്സിനും തേജസ്സിനും കഴിയുന്നത്ര ദൗർബല്യം വരുത്തിക്കൊണ്ടാണ്—അറിഞ്ഞുകൊണ്ടുതന്നെ. ആ സമയം അദ്ദേഹം ഗാനം തുളുമ്പുന്ന ഒരു വിലോലമുരളിയായി സ്വയം മാറുന്നു! അപ്പോഴുണ്ടാകുന്ന വിചാരത്തിനോ അവയെ പ്രകാശിപ്പിക്കാൻ സ്വയം വെമ്പിപ്പുറപ്പെടുന്ന പദാവലിക്കോ തെല്ലുപോലും പാരുഷ്യമുണ്ടാവില്ല. എല്ലാം പുല്ലാങ്കുഴൽപോലെ ലോലലോലം, മുന്തിരിച്ചാറുപോലെ മധുരമധുരം.

ഈ അനുഭവം നമുക്കെല്ലാവക്കും ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ, കലാകാരന്മാരല്ലെങ്കിൽക്കൂടി, ഉണ്ടാകും. ശാരീരികമായ വൈലക്ഷണ്യവും വൈശസവും ആന്തരമായ ഊർജ്ജസ്വലതയ്ക്കും, ആയതു കലാകാരന്മാക്കാണെങ്കിൽ കലാപ്രചോദനത്തിനും കാരണമാണെന്നു് ഇന്നത്തെ മനഃശാസ്ത്രം സമ്മതിക്കുന്നുണ്ടു്. 'മയക്കത്തിൽ' എന്ന കവിതയിൽ സൂചിതമായ 'അദ്ധസ്വപ്നി' എങ്ങനെ ഉണ്ടായതെന്നു് ഇത്രയുംകൊണ്ടു് സ്പഷ്ടമാണല്ലോ. ചങ്ങമ്പുഴക്കവിതയുടെ മാധുയ്യം തികച്ചും ആസ്വദിക്കാൻ തനിക്കു കഴിയുന്നതു്, ആ കവിതയുടെ ഉൽപാദനവേളയിൽ കവി ഏതവസ്ഥാന്തരത്തിനു വിധേയനാകുന്നുവോ അതിൽത്തന്നെ താനും മുഴുകുമ്പോളാണെന്നു് അദ്ദേഹത്തിൻെറ ഒരാത്മസുഹൃത്തും മലയാളത്തിലെ ഒരു നല്ല സാഹിത്യകാരനുമായ ശ്രീ...ഒരവസരത്തിൽ പറയുകയുണ്ടായി. ശരിയായിരിക്കാം.

## കാവ്യനർത്തകി

പല രംഗത്തിൽ പല താളത്തിൽ, ദ്രുതമദ്ധ്യമവിളംബിതങ്ങളിൽ, കനകച്ചിലങ്ക കിലുങ്ങിയും; കാഞ്ചനകാഞ്ചി കുലുങ്ങിയും, നൃത്തം ചെയ്തുവരുന്ന കാവ്യനത്തകി എന്നോടിപ്പോൾ പരിഭവം പൂണ്ടു് ഈ പുസ്തകത്തിൻെറ ഒട്ടവിൽ ഒളിഞ്ഞിരിക്കുകയാണ്. നമുക്കു് ആ മതിമോഹന ശുഭനത്തനം ഒന്നു കാണാം.

മററു കലകളെ അപേക്ഷിച്ചു് 'നൃത്ത'ത്തിനു പല മെച്ചങ്ങളുണ്ടല്ലോ. ഒന്നാമതു കലാകാരനും, അയാളുടെ ഉപാധിയും (Medium) മേളിച്ചു്

Digitized By Kerala Sahitya Akademi

അദ്വൈതഭാവത്തിൽ വർത്തിക്കുന്നതു നൃത്തകലയിൽ മാത്രമാണ്; നർത്തകന്റെ കരചരണാദ്യവയവങ്ങൾ തന്നെയാണല്ലോ അയാളുടെ പ്രകാശനോപാധികളും. ഗാനകല 'കാല'മാത്രാവലംബിയാണ്; ചിത്രകല 'സ്ഥല'മാത്രാവലംബിയും. ഉഭയാവലംബമുള്ളതു് നൃത്തകല മാത്രമാണ്. കാതിനും കണ്ണിനും സമകാലികനിർവൃതി നൽകുന്നതും നർത്തനകലയാണ്. ഇങ്ങനെ സാഹിത്യമൊഴിച്ചുള്ള ഇതര സുന്ദരകലകളിൽ പ്രാമുഖ്യം നൃത്തത്തിനുണ്ടെന്നു സ്പഷ്ടം. അപ്പോൾ, ആ നർത്തനത്തെ കാവ്യകലയുടെ നർത്തനമായി വിഭാവനംചെയ്തു്, അതിനു സമുചിതമായ വിചിത്രവൃത്തവും, വിഭിന്നവർണ്ണാങ്കിതപദങ്ങളും, ചലനാത്മകങ്ങളും, ചിന്താബന്ധുരങ്ങളുമായ ആശയങ്ങളുംകൊണ്ടു് വിജയപൂർവ്വം ആവിഷ്കരിക്കുക ദുഃസാധമാണ്. കേവലനർത്തനത്തിനു് അപ്രാപ്യമായ സുഘടിതാശയങ്ങളുടെ നൈരന്തര്യം (Continuity) നൃത്തകാവ്യങ്ങൾക്കു് അവശ്യമായി കാണും. 'കാവ്യനർത്തകി' മലയാളസാഹിത്യത്തിൽ അസുലഭദൃശ്യമായ ഇത്തരമൊരു കവിതയാണ്. വെണ്ണിക്കുളത്തിന്റെ 'പുഞ്ചിരിക്കശേഷം'എന്നൊരു നർത്തനകവിതയിൽ മാത്രമേ ഇങ്ങനെ ഉഭയകലകളുടേയും സവിശേഷതകൾ ഹൃദ്യമായി സമ്മേളിച്ചു കണ്ടിട്ടുള്ളൂ.

കനകച്ചിലങ്ക കിലുങ്ങിയും കാഞ്ചനകാഞ്ചി കുലുങ്ങിയുമുള്ള 'മലയാളകവിതയുടെ 'മതിമോഹന ശുഭനർത്തനം,' കവിഹൃദയത്തിൽ ചുട്ടനെട്ടുവീർപ്പുകൾക്കിടയിലുംകൂടി പുതുപുളകങ്ങൾ അങ്കുരിപ്പിക്കുന്നു. അവളുടെ സൗന്ദര്യമേളം കണ്ടു് അദ്ദേഹത്തിന്റെ ജീവനാളം 'മുനിമാരും മുകരാത്ത സുഖചക്രവാള'ത്തെ ആശ്ലേഷിക്കുന്നു. ഒരത്ഭുത മന്ത്രവാദമെന്നപോലെ ആ നർത്തനം അദ്ദേഹത്തെ നിർന്നിമേഷാക്ഷനായി നിർത്തുന്നു. ആ വേളയിൽ കവിക്കുണ്ടായ അനുഭവങ്ങളാണ് 'കാവ്യനർത്തകി'യിലെ അനന്തര പ്രതിപാദ്യം.

> "കണ്ടു ഞാൻ കൺകോണുകളുലയവേ കരിവരി-
> വണ്ടലയും ചെണ്ടുലയും വനികകൾ ഞാൻ......
> ..................................
> ................................"

ഈ അനുഭൂതിയുടെ 'ലയവിമാനം' അദ്ദേഹത്തെ പല ദിക്കിലുമെത്തിച്ചു. കവി ഒരു പൊന്നോണപ്പുലരിയായി മാറി! ആ നർത്തകിയുടെ കരകമലത്തിന്റെ മൃദുലചലനങ്ങൾ സൂക്ഷ്മലോകാന്തരങ്ങളെ കാണിക്കാൻ പോരുന്നതാണ്. ആ ലോകങ്ങൾ കടന്നുപോയ കവി, ജന്മം കണ്ടു;

Digitized By Kerala Sahitya Akademi

അതിൽ നിർവൃതികൊണ്ടു; ജന്മാന്തരസുകൃതങ്ങൾ അനുഭവിച്ചു! 'ആയിരം സ്വർഗ്ഗങ്ങൾ സ്വപ്നവുമായെത്തിയ' ആ 'മായിക'യുടെ നടനം കണ്ടു കവി ഉന്മത്തനായി പാടുന്നു:

"പുഞ്ചിരി പെയ്തുപെയ്താട്ടു നീ, ലളിതേ,
തുഞ്ചൻെറ തത്തയെക്കൊഞ്ചിച്ച കവിതേ,
അഞ്ചിക്കുഴഞ്ഞഴിഞ്ഞാടൂ ഗുണമിളിതേ,
കുഞ്ചൻെറ തുള്ളലിൽ മണികൊട്ടിയ കവിതേ!"

അനേകം ഭാഷകൾ 'പല മാതിരി പല ഭൂഷകൾ കെട്ടി' ആടിയും പാടിയും കവിയെ വിഭ്രമിപ്പിച്ചിട്ടുണ്ട്. എങ്കിലും അദ്ദേഹത്തിനു മാതൃഭാഷയുടെ ദിവ്യസുഷമ വിസ്മരിക്ക വയ്യ. കവിയുടെ അന്ത്യാപേക്ഷ ഇതുമാത്രമാണ്:

"തവ തലമുടിയിൽനിന്നൊരു നാരുപോരും
തരികെ,ന്നെത്തഴകട്ടേ പെരുമയും പേരും!
പോവുന്നോ നിൻ നൃത്തം നിർത്തി നീ, ദേവീ! അയ്യോ
പോവല്ലേ, പോവല്ലേ, പോവല്ലേ, ദേവീ!!......"

വിശ്വവിഖ്യാതഭാഷകളിലെ വശ്യസാഹിത്യങ്ങൾ പലതും കണ്ടനുഭവിച്ച ചങ്ങമ്പുഴ, മാതൃഭാഷയുടെ അനന്യദൃഷ്ടവും അനിതരലബ്ധവുമായ മനോഹാരിതയെ, മഹനീയതയെ വാഴ്ത്തിപ്പാടുന്നതു് വെറും വ്യാമോഹജന്യമായ സ്വഭാഷാഭിമാനംകൊണ്ടുമാത്രമാണെന്നു തോന്നുന്നില്ല; മലയാളഭാഷയ്ക്കും സാഹിത്യത്തിനും പല പോരായ്മകളുണ്ടെന്നു് അഭ്യസ്തവിദ്യരും, അല്പജ്ഞാനദുർവിദഗ്ദ്ധരും ആയ മലയാളികൾ (!) ഉച്ചൈസ്തരം ഇന്നും ഉൽഘോഷിച്ചു കേട്ടിട്ടുണ്ട്. "ആദിമകാവ്യവും പഞ്ചമവേദവും നീതിപ്പൊരുളും ഉപനിഷത്തും പാടി സ്വകീയരെ" കേൾപ്പിച്ച കൈരളി, "പാടവഹീനയെന്നാർ പറയും?" എന്നിങ്ങനെ മഹാകവി വള്ളത്തോൾ ആവേശപൂർവ്വമെങ്കിലും യുക്തിയുക്തം ചോദിച്ചതിനെ, ഭംഗ്യന്തരേണ ചങ്ങമ്പുഴയും ഈ കവിതകൊണ്ടു് ആവർത്തിക്കുന്നു.

## ആരാമത്തിലെ ചിന്തകൾ

## സങ്കല്പകാമുകൻ

## തപ്തപ്രതിജ്ഞ

115, 113, 112 എന്നീ വർഷങ്ങളിൽ എഴുതിയ ഈ മൂന്നു കവിതകൾ 'സ്വരരാഗസുധ'യിൽ കവി ചേർത്തിരിക്കുന്നതു്, പക്ഷേ, സ്വകവിതാ

Digitized By Kerala Sahitya Akademi

പരിണാമത്തിൻെറ പഴയ പടവുകൾ കാണിക്കാനാണോഎന്നു ശങ്കിക്കുന്നു. ഭാവപ്രകാശനത്തിലും രചനാസമ്പ്രദായത്തിലും അത്രയേറെ വെടിപ്പും ഉറപ്പുമില്ലാതിരുന്ന ആദ്യകാലകവിതകളുടെ വകുപ്പിലാണു് ഈ കവനത്രയം പെടുന്നതു്. ഇവയിൽ മെച്ചപ്പെട്ടുനില്ക്കുന്നതു്. 'ആരാമത്തിലെ ചിന്ത'കളാണു്.

ആരാമത്തിൽ കണ്ട പൂവിൻെറ ക്ഷണികസൗന്ദര്യം കവിയുടെ ചിന്തയെ അന്തർമുഖമാക്കുന്നു. വസന്തം മറഞ്ഞാൽ ആരും തിരിഞ്ഞുനോക്കാത്തവണ്ണം വാടിവീഴുന്ന പൂവു് ലോകത്തിൻെറ അപൂർണ്ണതയെ ശംസിക്കുകയാണു്. "നാളേയ്ക്കു് നാമ്പാറാടിയേണ്ട നാലഞ്ചു നെല്ലോല" മാത്രമാണു് മനുഷ്യർ. വേദനാകരമായ ഈ വേദാന്തചിന്ത, കവിയുടെ മർദ്ദിതമായ വ്യക്തിപ്രഭാവത്തിൽ ക്രോധത്തിൻേറയും പ്രതികാരത്തിൻേറയും കൊടുങ്കാററുകളുളവാക്കി. കവിയുടെ ചിന്താഗതി, അതോടെ, പാടെ മാറിവീണു, അപൂർണ്ണവും ശൂന്യവുമായിരിക്കാം ഈ ലോകം. എങ്കിലുമിതു മധുരമാണു്. അതാ, ആരാമം അതിൻെറ ഹൃദയത്തിൽ ഗൂഢമായി ലാളിച്ച മൂകാഭിലാഷങ്ങളായ പൂക്കളേക്കൊണ്ടു് പുഞ്ചിരിക്കൊള്ളുന്നു. കവിചിത്തവും പുഷ്പിതമായി—പുഷ്ഫലവ്യോമത്തോടൊപ്പം.

"സുന്ദരം, സുന്ദരം, സ്വർഗ്ഗസമൃദ്ധിതൻ
മന്ദിരംതന്നെയീ—ലോകം."

എന്നു് കവി ശുഭപ്രതീക്ഷകനായി മാറുന്നു. പലതരത്തിലും കവിയുടെ ആത്മാവിനെ ഈ ജഗത്തു് ചവിട്ടി മെതിച്ചിട്ടുണ്ടു്. ആ ജഗത്തിനോടു്, ശുഭപ്രതീക്ഷകനായ കവി ഒരുകൈ നോക്കാൻതന്നെ തീരുമാനിച്ചു.

"ജാതനായ്ത്തീർന്നതു ഞാനിരുൾമൂടിയ
പാതാളഗത്തത്തിലാകാം.
എങ്കിലും മേലോട്ടുയന്നു ഞാൻ താരക-
പ്പൊൻകതിർപ്പൂക്കളെപ്പുൽകും!"

ഉഗ്രശപഥം! ജനിച്ചില്ലേ? *എന്നാൽ ജീവിക്കാൻതന്നെ നോക്കും. തിരിഞ്ഞുനിന്നു്, തന്നെ നിർദ്ദയം മർദ്ദിച്ച ലോകത്തെ അനുകമ്പാപൂർവ്വം നോക്കി കവി പറയുന്നു:

"ഓമൽസഖാക്കളേ, നിങ്ങളോടും കനി-
ഞ്ഞോതാനെനിക്കുണ്ടൊരല്പം.

---

* അവതാരിക 23-ാം പേജു് നോക്കുക;

Digitized By Kerala Sahitya Akademi

നിർദ്ദയം; കഷ്ടം, വികൃതപ്പെട്ടുത്തിയെൻ
നിസ്വാർത്ഥസേവനം നിങ്ങൾ.
എങ്കിലും നിങ്ങൾക്കാവുകില്ലായതിൻ
തങ്കപ്രകാശം മറയ്ക്കാൻ.
നാനാപവാദങ്ങൾ നിങ്ങൾ ചൊരിഞ്ഞവ
നാളത്തെ ലോകം മറക്കും.
...................................
മാമകനാമത്തിൽ നിങ്ങൾ വീശീട്ടമീ-
മാറാലയൊക്കെയും മാറും."

എത്ര ശരി! "മന്ദാരമാല്യമെൻ കണ്ഠത്തിൽ ചാർത്തുമ്പോൾ മന്ദഹസിക്കണേ നിങ്ങൾ" എന്നായിരുന്നു അദ്ദേഹത്തിന്റെ അന്ത്യാപേക്ഷ. ഇന്നിതാ, ജയലക്ഷ്മി ചാർത്തിയ മന്ദാരമാല്യവുമണിഞ്ഞു്, സകല കേരളീയരുടെയും ഹൃദയതളിമത്തിൽ സുപ്രതിഷ്ഠനായി ലസിച്ചീടുന്ന ചങ്ങമ്പുഴയെ കണ്ടു് നാം മന്ദഹസിക്കയാണോ? എന്നാൽ ആ മന്ദഹാസം പശ്ചാത്താപജന്യമായ നമ്മുടെ കണ്ണീരിൽ മഴവില്ലൊളി ചേർക്കുന്നുണ്ടു്; നിശ്ചയം.

'സങ്കല്പകാമുക'നിലും 'തപ്തപ്രതിജ്ഞ'യിലും ചങ്ങമ്പുഴക്കവിതയുടെ ആവർത്തനോത്സുകങ്ങളായ ആശയങ്ങളും രീതികളും മാത്രമേ കാണുന്നുള്ളു. കവിതയേയും യശസ്സിനേയും മാറിമാറി പലപ്പോഴും ചങ്ങമ്പുഴ കാമുകിയാക്കി സങ്കല്പിച്ചു് അനേകം സിംബോളിക്‌കവിതകൾ രചിച്ചിട്ടുണ്ടു്. അവയിൽനിന്നു് ഏറെ ഭിന്നമോ രമ്യമോ അല്ലാ സങ്കല്പകാമുകനിലെ ആശയഗതിയും ആവിഷ്കരണരീതിയും. 'തപ്തപ്രതിജ്ഞ' ചെയ്യുന്ന നായികമാരെയും സുലഭമായി കവി ആദികാലകവിതകളിൽ താലോലിച്ചു കാണുന്നുണ്ടു്......

## സുധാബിന്ദുക്കൾ

'സ്വരരാഗസുധ'യിൽ സ്വീയവും പരകീയവുമായി കാണുന്ന മുക്തകങ്ങൾ സുധാബിന്ദുക്കൾതന്നെയാണു്; ഓരോ ബിന്ദുവിലും കാണാം ഓരോ ചിന്താസാഗരത്തിന്റെ അഗാധത ഒതുങ്ങിനില്ക്കുന്നതായി. പരസ്പരം അവയ്ക്കുള്ള വൈരുദ്ധ്യവും ആ വൈരുദ്ധ്യത്തിന്റെ ഹേതുവും നേരത്തെ വ്യക്തമാക്കിയിട്ടുണ്ടല്ലോ.

"ഞാനും വന്നു ജഗത്തിൽ........വിഭ്രാന്തിയോ മായയോ" (പേജ് 59, രചനാകാലം 13-4-1122); "ചെന്നായിൻ ഏത്തിനും......മിണ്ടാതെ

Digitized By Kerala Sahitya Akademi

ചാകൂ" (പേജ് 79. രചിച്ച കാലം 13-4-1122); "ചാരായക്കടയാണ്...ഹാ നീ വിധേ?" (പേജ് 103. രചിച്ച കാലം 1121); ഇവയിലെല്ലാം കവിയുടെ വിഷാദപൂരിതവും നിരാശാജനകവും അന്ധകാരാവൃതവുമായ ചിന്താഗതിയാണ് നിഴലിക്കുന്നത്. "വെള്ളം ചേക്കാതെട്ടത്തോരമൃതിനു......" (പേജ് 80) "ഏഴാം സ്വർഗ്ഗം വിടന്തു......വരികയേ ഹൃദ്യമേ മദ്യമേ' (പേജ് 104) എന്നിവയിൽ കാണുന്നതോ? തികഞ്ഞ ശുഭപ്രതീക്ഷയും. കവിയുടെ ജീവിതസായന്തനത്തിൽ നിറം മാറിമാറി വന്ന ചിന്താമേഘശകലങ്ങളായി ഈ മുക്തകങ്ങളെ വീക്ഷിക്കാം.

## തിലോദകം

സുമനസ്സുകളുടെ മാനസപ്പൊയ്കയിൽ കലാകേളിചെയ്തു് ലാലസിക്കുന്ന ആ ഗാനഗന്ധർവ്വനെ ഓർത്തു് നാമെന്തിനു് കണ്ണീർ തൂകണം? എങ്കിലും നമ്മുടെ ദൗർബല്യം നമ്മെ പ്രാകൃതരാക്കുന്നു!.........ഞാനീ തിലോദകം അർപ്പിക്കട്ടെ: അഴലിൽനിന്നുതിർന്ന കണ്ണീർക്കണങ്ങൾകൊണ്ടു് കുതിർത്തല്ലാ; ഈ 'സ്വരരാഗസുധാ'സ്വാദംകൊണ്ടു് ആനന്ദപരവശനായി ചൊരിയുന്ന ബാഷ്പബിന്ദുക്കളിൽ കഴകി..................

മദിരാശി സർവ്വകലാശാല
26—10—1948

എസ്. കെ. നായർ

Digitized By Kerala Sahitya Akademi

# രാക്കിളികൾ

(ഒരു പുതിയ തുയിലുണർത്തുപാട്ട്)

യുവാവ്

അഴകലകൾ ചുരുളുവിരി-
ഞ്ഞൊഴുകിവരും കവനകലേ!

യുവതി

കവനകലേ, കലിതഫലേ,
കരുണരസ ജലവിമലേ!—

യുവാവ്

ജലവിമലേ, ധൃതകമലേ,
ജയജനിതധ്വനിതരളേ!—

Digitized By Kerala Sahitya Akademi

യുവതി

ധ്വനിതരളേ, ജയ, ജയ, നീ
ഗുണസരളേ, ജയ, ജയ, നീ!

യുവാവ്

തവഹരിതതൃണഭരിത-
തടനികടത്തണലുകളിൽ—

യുവതി

തണലുകളിൽ, തത്ത തത്തി-
ത്തളിരുലയും കുടിലുകളിൽ—

യുവാവ്

കുടിലുകളിൽ, ചെടികളാടി-
ക്കുയിലു കൂകും കാട്ടുകളിൽ—

യുവതി

കാട്ടുകളിൽ, പാടി നട-
ന്നാടുമേയ്ക്കാൻ വന്നു ഞങ്ങൾ!

യുവാവ്

കാമുകനും കണ്മണിയു-
മാണു ഞങ്ങൾ കവിമാതേ!

Digitized By Kerala Sahitya Akademi

യുവതി

കവിമാതേ, കാമുകനെൻ
കരളിനെഴും മിഴിയാണേ!

യുവാവ്

മിഴിയാണേ, കണ്മണിയാ-
മിഴി വിടരും കതിരാണേ!

യുവതി

കതിർമിഴിയിലമൃതെഴതാൻ
കവിമാതേ, തുകിലുണരൂ.

യുവാവ്

കവിമാതേ, പുതിയലോകം
കണികാണാൻ തുകിലുണരൂ!

യുവതി

തുകിലുണരൂ, പഴയലോകം
തുലഞ്ഞുകാണാൻ തുകിലുണരൂ!

യുവാവ്

തുകിലുണരൂ, തൊഴിൽ പൊഴിവൂ
തൂമലരവം, തുകിലുണരൂ!

Digitized By Kerala Sahitya Akademi

യുവതി

തൂകിലുണരൂ, ചെങ്കൊടിതൻ
ത്തുമ കാണാൻ തൂകിലുണരൂ!

യുവാവ്

കവിമാതേ, തൂകിലുണരൂ,
കരഠം നിറയെച്ചിരിപകരൂ!

യുവതി

ചിരിപകരൂ, ചിന്തകളിൽ
ചിറക വരാൻ തൂകിലുണരൂ;

യുവാവ്

തുകിലുണരൂ, ജനവിഭവ-
ത്തുലനഫല മധു നുകരൂ!

യുവതി

മധു നുകരൂ, മതിമഹിതേ,
തുകിലുണരൂ, കവിമാതേ!

യുവാവ്

അഴിമതികൾക്കറുതിയണ-
ഞ്ഞരമനകളടിഞ്ഞു മണ്ണിൽ!

Digitized By Kerala Sahitya Akademi

യുവതി

അടിഞ്ഞ മണ്ണിലഭ്യുദയ-
മടിമുടി പൊന്നാലരണിഞ്ഞു.

യുവാവ്

അലരണിഞ്ഞു, ജീവിതങ്ങൾ-
ക്കഖിലമൊപ്പം കതിരുവന്നു!

യുവതി

കതിരുവന്ന കാഴ്ച കാണാൻ
കവിമാത്രേ തൂകിലുണരൂ!

യുവാവ്

അവനിയിലിന്നപഗതമാ-
യവശതക,ളലസതകൾ.

യുവതി

അലസതകളൊടിയൊഴിയാൻ
അരിവാളിൻ തിരുനാമം!

യുവാവ്

തിരുനാമത്തിരിയുഴിയാം
തിടലുടലിൽ തിരിയെ വരാൻ!

Digitized By Kerala Sahitya Akademi

യുവതി

തിരിയെ വരും തിറമൊട്ട നീ
തുകിലുണരൂ, കവിമാതേ!

യുവാവ്

വിപ്ലവ വെയ്‌ലേററിളകി
വിത്തമദം കക്കകയായ്,

യുവതി

കക്കകയായ് കയ്പുരസം
കക്കിടകക്കരിമാസം.

യുവാവ്

കരിമാസം കരം കവരും
കതിർമഴയിൽ കളിയാടി,

യുവതി

കളിയാടാൻ കരിനകമായ്
കവിമാതേ, തുകിലുണരൂ!

യുവാവ്

ചിന്നിയിളം തളിരിളകും
ചിങ്ങമരച്ചില്ലകളിൽ—

Digitized By Kerala Sahitya Akademi

യുവതി

ചില്ലുകളിൽത്തിരുവോണ-
ച്ചെല്ലമണിക്കുയിൽ കൂകി.

യുവാവ്

കുയിൽ കൂകിക്കൊഞ്ചിവരും
കുലകന്യയ്ക്കകമഴിയാൻ,

യുവതി

അകമഴിയും പൂജ കാണാൻ
തുകിലുന്നതൂ, കവിമാതേ!

യുവാവ്

കർമ്മശതമൊരു തട്ടിൽ,
നന്മകളോ മറുതട്ടിൽ,

യുവതി

ഇരുതട്ടുമൊരുപോലാ-
യൊരുമയുടെ നല്ല തുലാം.

യുവാവ്

നല്ല തുലാം മൂതനരക-
കന്യതയിൽ കതിർ ചാർത്തി,

Digitized By Kerala Sahitya Akademi

യുവതി

കതിർദീപം കണ്ടുതൊഴാൻ
കവിമാതേ, തുകിലുണരൂ.

യുവാവ്

പുഷ്പമതിലമൃതൊഴുകി
വൃശ്ചികമാമെഴുനള്ളി,

യുവതി

എഴുനള്ളിയനേകവിള-
ക്കെഴുതിരിയിട്ടെരിയിക്കേ.

യുവാവ്

എരിയിക്കെക്കൊത്തികതൻ
തിരുഹൃദയം തുടികൊട്ടി,

യുവതി

തുടികൊട്ടിത്തുയിരകലാൻ
തുകിലുണരൂ, കവിമാതേ!

യുവാവ്

പനിനീരിൽ മേൽകഴുകി-
പ്പാൽനിലാപ്പൂന്തുകിൽ ചാർത്തി,

Digitized By Kerala Sahitya Akademi

യുവതി

തൃക്കിൽചാർത്തിടഡാനസഖിയാം
കനലൊളിയാമാർദ്രയുമായ്.

യുവാവ്

ആർദ്രയുമായദ്രിജയെ
ക്ഷണിപ്പി മുദാ കളിയാടാൻ,

യുവതി

കളികാണാൻ കലിതരസം
കവിമാതേ, ത്തുകിലുണരൂ.

യുവാവ്

മകരശ്രീ മഞ്ഞച്ചയാൽ
മരനിരയെ മലരണിയെ,

യുവതി

അണിമലർച്ചെണ്ടുലഞ്ഞുലഞ്ഞ-
ങ്ങാനന്ദപ്പാൽക്കാവടികൾ.

യുവാവ്

കാവടികളണിയണിയായ്-
ക്കരളുകളിലലത്തുള്ളി,

Digitized By Kerala Sahitya Akademi

യുവതി

തുള്ളിവരും തുള്ളൽകാണാൻ
തുകിലുണ്ണത്രു; കവിമാത്രേ!

യുവാവ്

മിശിഹയുടെ തിരുഹൃദയ-
വിശദരുചി വിളയാടി,

യുവതി

വിളയാടിപ്പൊൻകുരിശിൻ
വിമലതതൻ മണികുംഭം.

യുവാവ്

മണികുംഭജ്ഞാനജലം
മനമിയലും കറകളയാൻ,

യുവതി

കറകളയാൻ, കനിവുയരാൻ,
കവിമാത്രേ, തുകിലുണ്ണത്രു.

യുവാവ്

സഹകരണസരസി മുദാ
വിഹരിക്കും ശുഭമീനം,

Digitized By Kerala Sahitya Akademi

യുവതി

ശുഭമീനം—പ്രൗഢ്ഗതിത-
ന്നഭിമാനം—വളരാനും,

യുവാവ്

വളരാനും, വഞ്ചനതൻ
വലകളിൽനിന്നകലാനും,

യുവതി

അകലാത്തൊരകവെളിവിൽ
തുകിലുണരൂ, കവിമാതേ!

യുവാവ്

മേടപ്പൂങ്കൊന്നയുല-
ഞ്ഞാട്ടും പൊൻകിങ്ങിണികൾ

യുവതി

കിങ്ങിണികൾ, സുലഭതതൻ
തൊങ്ങലുക,ളൊളിവിതറി.

യുവാവ്

വിതറി നവ വിഭവശതം
വിഷുവത്ശ്രീയണയുമ്പോൾ,

Digitized By Kerala Sahitya Akademi

യുവതി

അണയുമ്പോൾ, കവിമാതേ!
കണികാണാൻ തുകിലുണരൂ.

യുവാവ്

വൃഷഭയുതൻ, വിഷരഹിതൻ,
കൃഷകൻതൻ ജീവജലം,

യുവതി

ജീവജലം പെയ്തണയും
ജീമൂതം തഴ കെട്ടി.

യുവാവ്

തഴ കെട്ടി, മഴ കിട്ടി-
ത്തരുനിരയിൽത്തളിർ പൊട്ടി,

യുവതി

പൊട്ടിപ്പോയ്, കവിമാതേ!
പട്ടിണി—നീ തുകിലുണരൂ.

യുവാവ്

പോള പൊളിഞ്ഞിതളഴിയും
പൊൻകൈതപ്പൂങ്കുലപോൽ,

Digitized By Kerala Sahitya Akademi

യുവതി

പൂങ്കുലപോൽ, തേൻ കിനിയും
മാങ്കനിപോൽ, മിഥുനമനം.

യുവാവ്

മിഥുനമനം വിടരാനും
മധുരമധു പകരാനും,

യുവതി

പകരുമുഷസ്സുഷമയിൽ നീ
തുകിലുണരൂ, കവിമാതേ!

യുവാവ്

മുനികൾക്കും മുനിയായി
മണിരത്നഖനിയായി,

യുവതി

ഖനിയായി,ധനതത്വ-
പ്രണവത്തിന്നുയിരേകി.

യുവാവ്

ഉയിരേകി,ത്തൊഴിലുകളി-
ലുണർവരുളീ കാറൾമാർക്സ്;

Digitized By Kerala Sahitya Akademi

യുവതി

മാർക്സിനെ നീ കവിമാതേ!
മാനിക്കാൻ തുകിലുണരൂ.

യുവാവ്

അലസതയററവശതയ-
ററഴിമതിയററാനന്ദം!

യുവതി

ആനന്ദപ്പൂലരി പൊടി-
ച്ചുണരുകയായ് നവലോകം.

യുവാവ്

നവലോകം കണികാണാൻ,
നയനങ്ങളൊളിനുകരാൻ,

യുവതി

നുകരുക നീ സുകൃതമിനി-
ത്തുകിലുണരൂ, കവിമാതേ!

യുവാവ്

കനലൊളിയും കതിരുകളും
കനകപ്പൂമാരികളും,

Digitized By Kerala Sahitya Akademi

യുവതി

മാരിമണിവില്ലു വിരി-
ഞ്ഞൂറിവരും മഞ്ജിമയും.

യുവാവ്

മഞ്ജിമയും കൂടട്ടേ,
മന്നഖിലം പാടട്ടേ!...

യുവതി

പാടുന്നോൻ, തുകിലുണരൂ,
പരിപൂതേ! കവിമാതേ!!

3—3—1122.

Digitized By Kerala Sahitya Akademi

ഞാനും വന്നു ജഗത്തി,ലെന്തി,നെവിടു-
ന്നെങ്ങോട്ടു?—കഷ്ടം, വൃഥാ
ഞാനും വന്നു ജഗത്തിലെന്നു വരുമോ,
മജ്ജീവിതം ശൂന്യമോ?
ഗാനാലാപനലോലമാം ഹൃദയമേ,
നീ നല്ലപോൽ നോക്കു, നീ
കാണും കാഴ്ച യഥാർത്ഥമോ, കപടമോ,
വിഭ്രാന്തിയോ മായയോ?

13—4—1122.

Digitized By Kerala Sahitya Akademi

•

ഒരു മഹാമരമണ്ടതൻ
    ചവറുകൾ ചികയുമ്പോൾ
കരഗതമാകുന്നു
    നിധികലശം;
ഒരു മഹാകവി,യെന്നാ,ലൂമി-
    നീരിനുക്രുടിയു-
മൊരുവഴിയും കാണാതെ
    വിറങ്ങലിപ്പൂ!......

സാഢി                9—7—1121.

Digitized By Kerala Sahitya Akademi

# മനസ്വിനി

മഞ്ഞത്തെച്ചിപ്പൂങ്കുല പോലെ
മഞ്ജിമ വിടരും പുലർകാലേ,

നിന്നൂ ലളിതേ, നീയെൻമുന്നിൽ
നിർവൃതിതൻ പൊൻകതിർപോലെ.

ദേവനികേതഹിരണ്മയമകുടം
മേവീ ദൂരെ ദ്യുതി വിതറി;

പൊന്നിൻകൊടിമരമുകളിൽ ശബളിത-
സന്നോജ്ജ്വലമൊരു കൊടി പാറി.

നീലാരണ്യനിചോളനിവേഷ്ടിത
നീഹാരാർദ്രമഹാദ്രികളിൽ,

കാല്യലസജ്ജലകന്യക കനക-
ക്കതിരുകൾകൊണ്ടൊരു കണിവെയ്ക്കേ,

കതിരുതിരുകിലുമദൃശ്യശരീരികൾ,
കാമദകാനനദേവതകൾ,

കലയുടെ കമ്പികൾ മീട്ടും മട്ടിൽ
കളകളമിളകീ കാടുകളിൽ.

Digitized By Kerala Sahitya Akademi

മഞ്ഞല മാഞ്ഞിളവെയ്ലൊളിയിൽ, ദല-
മർമ്മരമൊഴുകീ മരനിരയിൽ.

ഈറൻതുകിലിൽ മറഞ്ഞൊരു പൊന്നല
പാറിമിന്നുങ്ങിയ തവഗാത്രം,

മിത്ഥ്യാവലയിതസത്യോപമരുചി
തത്തി ലസിച്ചു മമമുന്നിൽ.

ദേവദയാമയമലയജശകലം
താവിയ നിൻകുളിർനിടിലത്തിൽ,

കരിവരിവണ്ടിൻനിരകൾ കണക്കെ-
ക്കാണായ്പ്പുരിചൊട്ടു കുറുനിരകൾ.

സതപ്ഗുണശ്രീ ചെന്താമരമലർ
സസ്മിതമഴകിൽ വിടർത്തിയപോൽ,

ചടുലോല്പലദളയുഗളം ചൂടി-
ച്ചന്ദ്രികപെയ്തു നിൻവദനം.

ഒററപ്പത്തിയെഴുടായിരമുടലുകൾ
ചുററുപിണഞ്ഞൊരു മണിനാഗം,

ചന്ദനലതയിലധോമുഖശയനം
ചന്തമൊടങ്ങനെ ചെയ്യുംപോൽ,

വിലസീ, വിമലേ, ചെറിയൊരു പനിനീ-
രലർചൂടിയ നിൻ ചികുരഭരം.

Digitized By Kerala Sahitya Akademi

ഗാനംപോൽ, ഉന്നകാവ്യംപോൽ, മമ
മാനസമോർത്തു, സഖി, നിന്നെ!...

തുട്ടുതുടെയൊരു ചെറുകവിത വിടർന്നു
തുഷ്ടിതുടിക്കും മമഹൃത്തിൽ!

ചൊകചൊകയൊരു ചെറുകവിത വിടർന്നു
ചോര തുളുമ്പിയ മമഹൃത്തിൽ!

മലരൊളിതിരളും മധുചന്ദ്രികയിൽ
മഴവിൽക്കൊടിയുടെ മുന മുക്കി,

എഴുതാനുഴറീ കല്പന ദിവ്യമൊ-
രഴകിനെ—എന്നെ മറന്നു ഞാൻ;

മധുരസ്വപ്നശതാവലി പൂത്തൊരു
മായാലോകത്തെത്തീ ഞാൻ;

അദ്വൈതാമലഭാവസ്പന്ദിത-
വിദ്യുന്മേഖല പൂകീഞാൻ!...

ii

രംഗം മാറീ—കാലം പോയീ;
ഭംഗം വന്നു ഭാഗ്യത്തിൽ.

കൊടിയ വസൂരിയിലുഗ്രവിരൂപത
കോമരമാടീ നിന്നുടലിൽ.

Digitized By Kerala Sahitya Akademi

കോമളരൂപിണി, ശാലിനി, നീയൊരു
കോലം കെട്ടിയ മട്ടായി.

മുകിലൊളി മാഞ്ഞു, മുടികൾ കൊഴിഞ്ഞു
മുഖമതിവികൃതകലാവൃതമായ്.

പൊന്നൊളി പോയീ കാളിമയായീ;
നിന്നുടൽ വെറുമൊരു തൊണ്ടായീ.

കാണാൻ കഴിയാ—കണ്ണുകൾ പോയീ;
കാതുകൾ പോയീ കേൾക്കാനും.

നവനീതത്തിനു നാണമണയ്ക്കും
തവതനുലതതൻ മൃദുലതയെ,

കഠിനം!—ചീന്തിയെറിഞ്ഞാരടിമുടി
കടുതലരാകിന വടുനിരകൾ.

ജാതകദോഷം! വന്നെന്തിന്നെൻ-
ജായാപദവി വരിച്ചു നീ?

പലപല രമണികൾ വന്നു, വന്നവർ
പണമെന്നോതി—നടുങ്ങീ ഞാൻ.

പലപല കമനികൾ വന്നു, വന്നവർ
പദവികൾ വാഴ്ത്തി—നടുങ്ങീ ഞാൻ.

കിന്നരകന്യകപോലെ ചിരിച്ചെൻ-
മുന്നിൽ വിളങ്ങിയ നീ മാത്രം,

Digitized By Kerala Sahitya Akademi

എന്നോടരുളി: "യെനിക്കവിട്ടത്തെ-
പ്പൊന്നോടക്കുഴൽ മതിയല്ലോ;

നിന്നുടെ പുല്ലാംകുഴലിതെനിക്കൊരു
പൊന്നോടക്കുഴലാണല്ലോ!..."

പുളകമണിഞ്ഞിട്ടടനടി ഞാനൊരു
പുത്തുലോകത്തിലെ യുവനൃപനായ്.!

ഇന്നോ, ഞാനാ നാടു ഭരിക്കും
മന്നവനല്ലോ, മമ നാഥേ!

നീയോ, നിഹതേ, നീയോ?—നിത്യം
നീറുകയാണയി മമഹൃദയം.

കണ്ണുകളില്ല, കാതുകളില്ല—
തിണ്ണയിൽ ഞാൻ കാൽ കുത്തുമ്പോഴം,

എങ്ങനെ, പക്ഷേ, വിരിവൂ ചുണ്ടിൽ
ഭംഗിയിണങ്ങിയ പുഞ്ചിരികൾ?

അന്ധതകൊണ്ടും ഭവനം സേവന-
ബന്ധുരമാക്കും പൊൻതിരികൾ?

അപ്പൊൻതിരികൾ പൊഴിപ്പൂ വെളിച്ചം;
തപ്പുന്നോ പിന്നിരുളിതിൽ ഞാൻ?...

ദുർവ്വാസനകളിടയ്ക്കിടെയെത്തി-
സ്സർവ്വകരുത്തുമെടുക്കുകിലും,

Digitized By Kerala Sahitya Akademi

അടിയറവരുളുകയാണവയെന്നോ-
ടൊട്ടവിൽ—ശക്തി തരുന്നു നീ!

പ്രതിഷേധസ്വരമറിയാതെഴുമ-
പ്രതിമഗുണാർദ്രമനസ്വിനി നീ!

എങ്കിലുമേതോ വിഷമവിഷാദം
തങ്കുവതില്ലേ നിൻകരളിൽ?

ഭാവവ്യാപകശക്തി നശിച്ചോ-
രാവദനത്തിൻ ചുളിവുകളിൽ

ചില ചില നിമിഷം ചായാറില്ലേ
ചിന്ത വരട്ടിയ വീർപ്പലകൾ?

നിൻ കവിളുമല്ലേ, നനയുന്നില്ലേ
നീ കുടികൊള്ളും വിജനതയിൽ?

കൊട്ടുകാററലറിപ്പേമഴ പെയ്തിട്ട-
മിടവപ്പാതിപ്പാതിരയിൽ

ശാരദരജനിയിലെന്നതുപോൽ, നീ
ശാലിനി, നിദ്രയിലമരുമ്പോൾ,

അകലത്തറിയാത്തലയാഴികൾ ത-
ന്നകഗുഹകളിൽനിന്നൊരു നിനദം,

പെരുകിപ്പെരുകി വരുംപോലെന്തോ
സിരകളെയൊരു വിറയറിയിക്കേ,

Digitized By Kerala Sahitya Akademi

കാട്ടാളൻ കണ്ടയെയ്യോരു പൈങ്കിളി
കാതരമായി പിടയുംപോൽ,

പിടയാറില്ലേ നിൻഹതചേതന
പിടികിട്ടാത്തൊരു വേദനയിൽ?...

വർണ്ണം, നിഴല്, വെളിച്ചം, നാദം
വന്നൊത്താത്തൊരു തവലോകം,

അട്ടിയി,ലട്ടിയി,ലിരുളിരുളിന്മേൽ
കട്ടപിടിച്ചോരു പാതാളം!

ഇല്ലൊരു തൈജസകീടംക്രൂടിയു–
മെല്ലാ,മിരുളാണിരുൾമാത്രം!

മമതയിലങ്ങനെ നിന്നരികേ ഞാൻ
മരുവും വേളയി,ലൊരുപക്ഷേ,

നീലനിലാവിലെ വനമേഖലപോൽ
നിഴലുകളാടാമവിടത്തിൽ!

തെല്ലിടമാത്രം—പിന്നീടെല്ലാ–
മല്ലാ,ണെന്തൊരു ഹതഭാഗ്യം!

നിൻകഥയോർത്തോർത്തെൻ കരളുരുകി-
സ്സങ്കല്പത്തിൽ വിലയിക്കേ,

ഏതോ നിർവൃതിയിക്കിളികൂട്ടി
ചേതനയണിവൂ പുളകങ്ങൾ!

Digitized By Kerala Sahitya Akademi

വേദന, വേദന, ലഹരി പിടിക്കും
വേദന—ഞാനിതിൽ മുഴുകട്ടേ!

മുഴുകട്ടേ, മമ ജീവനിൽനിന്നൊരു
മുരളീമൃദുരവമൊഴുകട്ടേ!...

7—12—1122.

Digitized By Kerala Sahitya Akademi

എന്നെപ്പോലുമെനിക്കു നേർവഴി നയി-
ക്കാനൊട്ടുമാകാത്ത ഞാ-
നന്യന്മാരെ നയിച്ചു നായകപദ-
പ്രാപ്തിക്കു ദാഹിക്കയോ?
കന്നത്തത്തിൻമുണ്ടു മന്നിലതിരെ-
നോക്കാതെ തുള്ളുന്ന ഞാ-
നെന്നെത്തന്നെ മറന്നു; കല്ലുകളെറി-
ഞ്ഞെൻ കാലൊടിക്കൂ, വിധേ!...

13—4—1122.

Digitized By Kerala Sahitya Akademi

വേദം നാലും നരച്ചു, നരനിനിയുമഹോ,
        കിട്ടിയില്ലിഷ്ടി, വേർത്തു
വേദാന്തം വീശി നേരിൻവിശറി, മണലിലോ
        കട്ടകെട്ടുന്നു രക്തം;
സ്വാതന്ത്ര്യം, ഹാ, സമത്വം, സഹജസഹജമാം
        സൗഹൃദം, ശാന്തി, സർവ്വം
നാദം, നാദം!—ഭ്രമിക്കായ്ക്കു,ണിയറയിലോ
        തോക്കു തീർക്കും തിടുക്കം!

13—4—1122.

Digitized By Kerala Sahitya Akademi

# ആരാമത്തിലെ ചിന്തകൾ

ആകൎഷകകാഞ്ചനചലസൗരഭസൗഭഗ-
മാകെ മാഞ്ഞീടുകിൽപ്പിന്നെ,

ആരെത്തിനോക്കുമൊന്നാവേശപൂൎവ്വമ-
ന്നാരാമസൂനമേ, നിന്നെ?

ഏറെനാളേറെനാൾ നീണ്ടുനില്ക്കുന്നത-
ല്ലീരമ്യവാസന്തഹാസം.

ശ്രീയുതചഞ്ചലൽപ്പത്രം വിരിച്ചതു
പോയിക്കഴിഞ്ഞതിൻശേഷം,

മാടിവിളിക്കിലുമെത്തില്ലരികിലാ
മായാസുഷമാവിശേഷം.

കഷ്ടം,മപൂൎണ്ണതകൊണ്ടെന്തിനിങ്ങനെ
കെട്ടിപ്പടുത്തതീലോകം?

തൊട്ടുപോയാൽമതി കാലമക്കൈകൊണ്ടു-
പൊട്ടിത്തകൎന്നു വീഴാൻ.

നാമാരു?—നാളെയ്ക്കു നാമ്പറാടിയേണ്ട
നാലഞ്ചു നെല്ലോലമാത്രം.

Digitized By Kerala Sahitya Akademi

ഇല്ല, ഞാനയ്യോ, തുടന്നിട്ടന്നില്ലെന്റെ
പല്ലവി ഞാനിങ്ങു നിത്താം.

വേദന തോന്നും മനസ്സിനിമ്മട്ടെഴും
വേദാന്തചിന്തയ്ക്കു പോയാൽ.

അത്രയ്ക്കുപൂർണ്ണവും ശൂന്യവുമാകിലെ,-
ന്തെത്ര മധുരമീലോകം!

ആരും കൊതിക്കുമാറാകഷ്കാഭമാ-
യാരാമമേ, നീ ചിരിപ്പൂ!

ഏകാന്തഹൃത്തിൽ നീ ഗൃഢമായ്ലാളിച്ച
മൂകാഭിലാഷങ്ങൾ പോലെ,

മിന്നി വിടന്നൊളിചിന്നി നില്ക്കുന്നിതെൻ
മുന്നിൽ പലപല പൂക്കൾ.

ഇങ്ങു വന്നിട്ടൊരു പാട്ടൊന്നു പാടിടാ-
തെങ്ങനെ പൂങ്കുയിൽ പോകും?

സ്വപ്നസമാനമൊരോമൽ പരിമളം
സ്വർഗ്ഗം രചിപ്പിതോ ചുറ്റും?

ശാന്തി, സമസ്തവും ശാന്തി!—കിഴക്കതാ
പൂന്തിങ്കൾ പൊങ്ങിത്തുടങ്ങി.

കാലടിവെച്ചുവെച്ചന്തിച്ചുകപ്പതാ
ചേലിലകല്യകയായി.

Digitized By Kerala Sahitya Akademi

പുഷ്പിതമായിക്കഴിഞ്ഞിതെൻ ചിത്തവും
പുഷ്കലവ്യോമവുമൊപ്പം.

മുന്നിൽ നിലാവും നിഴലുമിടതിങ്ങി
മിന്നുകയാണിപ്രപഞ്ചം.

മന്ദമാ മഞ്ഞും നിലാവിൻെറ നെററിയിൽ-
ച്ചന്ദനം ചാർത്തുവാനെത്തി.

സുന്ദരം, സുന്ദരം, സ്വർഗ്ഗസമൃദ്ധിതൻ
മന്ദിരംതന്നെയീ ലോകം!

  ഇത്രയും കാലമിതോർക്കാതെയെന്തിനു
തപ്തബാഷ്പത്തിൽ ഞാൻ മുങ്ങി?

നൊന്തുനൊന്തങ്ങനെ തപ്പിത്തടഞ്ഞു ഞാ,-
നെന്തെനിക്കെന്നിട്ടു കിട്ടി?—

ചേലററ ചേററിൽപ്പുതഞ്ഞുള്ളതാം വെറും
നാലഞ്ചു ചിപ്പികൾ മാത്രം!

കോടിക്കണക്കിനു രത്നങ്ങൾ നിന്നതാ
മാടിവിളിക്കയാണെന്നെ.

തുള്ളിത്തുളുമ്പും കുളുർമയാൽപ്പുൽകുന്നു
വെള്ളിനീരാഴി വന്നെന്നെ.

അല്ല, സംതൃപ്തന,ല്ലുഗ്ര നൈരാശ്യമേ,
വെല്ലുവിളിപ്പൂ ഞാൻ നിന്നെ.

Digitized By Kerala Sahitya Akademi

ഉള്ളലിവില്ലാതസൂയയാ,ലെൻ മുന്നിൽ
മുള്ളു വിതയ്ക്കും ജഗത്തേ,

പാടില്ലൊ,രിക്കലും നീയുയൎന്നീടുവാൻ
പാടില്ല,യെന്നുള്ള മട്ടിൽ,

മിത്ഥ്യാപവാദങ്ങൾകൊണ്ടെൻെറ മസ്തകം
തച്ചുതകൎക്കും ജഗത്തേ,

നമ്മസഖാക്കളായൊന്നിച്ചിതുവരെ-
ത്തമ്മിൽക്കഴിഞ്ഞവർപോലും,

ബദ്ധശത്രുക്കളേപ്പോൽ പെരുമാറുമാ-
റത്ര ദുഷിച്ച ജഗത്തേ,

ആത്മാൎത്ഥതയുമായ് ഞാനടുത്തീടുമ്പൊ-
ളാത്മാവെരിക്കും ജഗത്തേ,—

ഇല്ല, വിടില്ലൊരു കൈയൊന്നു നോക്കാതെ—
വെല്ലുവിളിപ്പൂ ഞാൻ നിന്നെ!

നിന്നപവാദശരങ്ങൾകൊണ്ടെന്നെ നീ
നിന്ദിതനാക്കുവാൻ നോക്കൂ!

നിന്നഖിലോല്ക്കടശക്തിയുമൊത്തിയ-
ന്നെന്നെച്ചവിട്ടി നീ താഴ്ത്തൂ!

സഞ്ജനിതോന്മദം നിന്മീതെയപ്പോഴ-
മെൻജയപ്പൊൻകൊടി പാറും!

Digitized By Kerala Sahitya Akademi

ജാതനായ്ത്തീന്നു ഞാനിരുൾമൂടിയ
പാതാളഗത്തത്തിലാകാം;

എങ്കിലും മേലോട്ടുയന്നു ഞാൻ താരക-
പ്പൊൻകതിർപ്പൂക്കളെപ്പുൽകും!

ഓമൽസ്സഖാക്കളേ, നിങ്ങളോടും കനി-
ഞ്ഞോതാനെനിക്കുണ്ടൊരല്പം.

നിർദ്ദയം, കഷ്ടം, വികൃതപ്പെടുത്തിയെൻ
നിസ്വാത്ഥസേവനം നിങ്ങൾ.

എങ്കിലും നിങ്ങൾക്കുമാവുകില്ലായതിൻ
തങ്കപ്രകാശം മറയ്ക്കാൻ.

നാനാപവാദങ്ങൾ നിങ്ങൾ ചൊരിഞ്ഞവ
നാളത്തെ ലോകം മറക്കും.

ഇന്നീ ജയമാല ചാത്തിനില്ക്കും നിങ്ങ-
ളൊന്നോടെ വിസ്മൃതരാകും.

കല്പാന്തമാവോളമെൻമനസ്പന്ദന-
സ്വപ്നങ്ങൾ മൊട്ടിട്ടുനില്ക്കും.

സത്യം ചൊരിയും വെളിച്ചത്തിൽ ഞാനൊരു
നിത്യപ്രചോദനമാകും.

മാമകനാമത്തിൽ നിങ്ങൾ വീശീടുമീ-
മാറാലയൊക്കയും മാറും—

Digitized By Kerala Sahitya Akademi

കാലം കരാംഗുലിയാലിഴക്കെട്ടുകൾ
ചേലിലൊന്നൊന്നായി മാററും!

മാമകയാഥാർത്ഥ്യ,മമ്മട്ടനുപമ-
മാണിക്യരശ്മികൾ വീശും.

അല്ലലില്ലിന്നെനിക്കാകയാൽ—തോഴരേ,
വല്ലാത്ത വിഡ്ഢികൾ നിങ്ങൾ!

തെല്ലുമേ ഗർവ്വില്ല,നുകമ്പയാണെനി-
ക്കുള്ളതു, നിങ്ങളോടിന്നും!...

*     *     *

ഇസ്സമരത്തി,ലൊടുവിൽ,ജ്ജയലക്ഷ്മി
മത്സമീപത്തു വന്നെത്തി,

മന്ദാരമാല്യമെൻ കണ്ഠത്തിൽച്ചാർത്തുമ്പോൾ
മന്ദഹസിക്കണേ നിങ്ങൾ!...

18—1—1115.

Digitized By Kerala Sahitya Akademi

ചെന്നായിൻ ഹൃത്തിനും, ഹാ, ഭുവി, നരഹൃദയ-
ത്തോള,മയ്യോ, കടുപ്പം
വന്നിട്ടില്ലാ—ഭുജിപ്പൂ മനുജനെ മനുജൻ;
നീതി കൂർക്കം വലിപ്പൂ.
നന്നാവില്ലിപ്രപഞ്ചം; ദുരയുടെ കൊടിയേ
പൊങ്ങൂ; നാററം സഹിച്ചും
നിന്നീടാനിച്ഛയെന്നോ?—മറയ, മനുജ, നീ
പോക, മിണ്ടാതെ ചാകൂ!......

13—4—1122.

Digitized By Kerala Sahitya Akademi

വെള്ളം ചേക്കാതെടുത്തോ,രമൃതിന്നു സമമാം
        നല്ലിളംകള്ളു, ചില്ലിൻ
വെള്ളഗ്ലാസ്സിൽ പകൎന്നങ്ങനെ, രുചികരമാം
        മത്സ്യമാംസാദി കൂട്ടി,
ചെല്ലും തോതിൽച്ചെലുത്തി,ച്ചിരികളികൾ തമാ-
        ശൊത്തു, മേളിപ്പതേക്കാൾ
സ്വർല്ലോകത്തും ലഭിക്കില്ലപരിയൊരു സുഖം!—
        പോക വേദാന്തമേ, നീ!

12—9—1121.

# തപ്തപ്രതിജ്ഞ

ഓക്കമ്പോഴേയ്ക്കും ഹൃദയം തകൻപോ-
മാക്കഥ മേലിൽ പറഞ്ഞിടൊല്ലേ, സഖീ!

ആവതോളം ഞാൻ മറക്കാൻ ശ്രമിക്കയാ-
ണാവിഷാദാത്മകഭൂതാനുഭൂതികൾ.

വായ്ക്കും നിരാശകളിമ്മട്ടൊരായിരം
മേല്ക്കുമേലെന്നോടെതിരിട്ടുനില്ക്കിലും,

ഉള്ളലിവില്ലാതെ കൊള്ളിവാക്കിൻെറ തീ-
ക്കൊള്ളികൊണ്ടന്യരെന്നുള്ളു പൊള്ളിക്കിലും,

നിസ്സ്പൃഹം ഭീരുവെപ്പോലാത്മഹത്യയാൽ
നിശ്ചയം, തോഴീ, വിമുക്തയാകില്ല ഞാൻ!

(ജീവിതം നല്കാൻ മടിക്കുന്നതൊക്കെയും
ജീവിച്ചു ജീവിതത്തോടു ഞാൻ വാങ്ങിടും!)

ആശാസുമങ്ങൾ കൊഴിഞ്ഞുവീഴുന്ന ക-
ണ്ടാശങ്ക വേണ്ടൊട്ടുമെന്നെയോർത്തിനി!

ധ്രുവമാണെങ്കിലുമെന്തെൻ ചോദിക്കി-
ല്ലേറ്റും സമാധാനമില്ലെനിക്കെങ്കിലും,

Digitized By Kerala Sahitya Akademi

ആവേശകാപ്തങ്ങളാമക്കഥകൾത–
ന്നാവർത്തനത്തെ പ്രിയപ്പെടുന്നില്ല ഞാൻ.

അത്രമേലെന്നെപ്പരവശയാക്കുമാ–
റത്ഭുതശക്തിയൊന്നുണ്ടവയ്ക്കൊക്കെയും.

പ്രേമരാജ്യത്തിലെപ്പൂങ്കാവനത്തിലെ
ശ്യാമളശീതളച്ഛായാതലങ്ങളിൽ,

പുല്ലാങ്കുഴലും വിളിച്ചിരുന്നങ്ങനെ
സല്ലപിപ്പൂ മർത്ത്യഭാവനാകോടികൾ.

ആകാശദേവതമാരാലലംകൃത–
മാകുമട്ടിക്കിലെക്കല്പകസൗരഭം,

ഒന്നു വീശുമ്പൊഴേയ്ക്കുതല്ലലും മറ–
ന്നൊന്നോടെ കോരിത്തരിക്കുന്നു മാനസം!

അങ്ങോട്ടുനോക്കിച്ചിറകുവിടർത്തുന്നു
ശൃംഗാരസാന്ദ്രമധുരപ്രതീക്ഷകൾ.

എന്നും മധുവിധു മൊട്ടിട്ടുനില്ക്കുന്നു
പുണ്യം വിളയുമാനിർവ്വാണവേദിയിൽ.

കണ്ണാടിയിലെ പ്രതിഫലനങ്ങളെ
മുന്നോട്ടണഞ്ഞു കരസ്ഥമാക്കീടുവാൻ,

വെമ്പിടും പൈതങ്ങളെന്നപോലെസ്സ്വർഗ്ഗ–
സംപ്രാപ്തി നോക്കിക്കുതിക്കുകല്ലല്ലി നാം?

Digitized By Kerala Sahitya Akademi

വ്യാമോഹമാത്രം പ്രപഞ്ചത്തിലുള്ളോരി-
പ്രേമപ്രയത്നം വെറും വിഷാദാത്മകം!

പ്രായോഗികത്വപ്പെരുംപറകൊട്ടലിൽ,
പ്രാഭവത്തിൻ ജയകാഹളമൂതലിൽ,

നായകത്വത്തിൻ കഠിന പൊട്ടിക്കലിൽ,
നാണയത്തുട്ടിൻ പടക്കമെറിയലിൽ,

കാൽക്ഷണമെങ്ങാൻ പ്രണയമൊരു വെറും
കാട്ടുപുല്ലൂതിയിട്ടാരു ഗൗനിക്കുവാൻ?......

ലോകപുഷ്പത്തിൻ മരന്ദം മുഴുവനും
ഹാ കുബേരന്മാർക്കു മാത്രമായുള്ളതാം.

പാടില്ലതിൽനിന്നൊരു തുള്ളിയെങ്കിലും
പാവങ്ങളായവർ സ്വാദുനോക്കീടുവാൻ.

നിർവ്വിഘ്നമിസ്സ്വാതന്ത്ര്യം സുഖിക്കുവാൻ
നിർമ്മിച്ചുവെച്ചു നിയമവും നീതിയും!

അത്യുഗ്രമാകുമപരാധമാണുപോ-
ലല്പമതിങ്കൽ പ്രതിഷേധസൂചനം.

കാരാഗൃഹമാണതിന്നെതിരായ്നിന്നു
കാര്യം പറയുകിൽ കിട്ടും പ്രതിഫലം.

എന്തിനു തോഴീ, ഫലമില്ല, മേല്ക്കുമേ-
ലന്തരീക്ഷം വിഷസമ്മിശ്രമാകയാം.

Digitized By Kerala Sahitya Akademi

എന്തൊക്കെയോ ഞാൻ പുലമ്പി, ശോകാത്മക-
ചിന്തകൾ വന്നെന്നെ വീർപ്പുമുട്ടിക്കയാൽ!

ലോകത്തെയെന്തിനു കുററപ്പെടുത്തുന്നു......
പോകട്ടെ തോഴീ, തുടരുന്നതില്ല ഞാൻ!

അച്ഛൻെറയിക്കൊച്ചു കായ്ക്കനിത്തോപ്പിലെ
ചെററക്കുടിൽകൊണ്ടു സംതൃപ്തയാണു ഞാൻ.

പങ്കയ്ക്കു കീഴിലെ ശൃംഗാരനിദ്രയിൽ-
പ്പങ്കെടുക്കാമെന്ന നിർല്ലജ്ജവാഞ്ഛിതം,

എന്നിൽക്കിളർന്നത,ല്ലപ്പുമാനോടു ഞാ-
നനുരാഗമിയലുവാൻ കാരണം.

മർത്ത്യനെ മർത്ത്യനെന്നോർത്തൊരു മർത്ത്യന്നു-
മജ്ജീവിതം, ഹാ, സമർപ്പണം ചെയ്തു ഞാൻ!

തെററെന്നിലാ,ണതേ, പിന്നെ ഞാനെന്തിനു
കുററപ്പെടുത്തുന്നു ലോകത്തെ നിഷ്ഫലം?

ഇല്ലിനിത്തോഴീ പരിഭവിക്കില്ലൊട്ടു-
മെല്ലാം സഹിക്കാനൊരുങ്ങിക്കഴിഞ്ഞു ഞാൻ.

എന്തു വന്നാലുമതിനോടെല്ലാമെതിർ-
ത്തെന്നന്തരംഗം നിലയ്ക്കു ഞാൻ നിർത്തിടും.

'എല്ലാം വിധി'യെന്ന ശുഷ്കിച്ചവേദാന്ത-
മല്ലതിനായി ഞാൻ കൈക്കൊള്ളുമായുധം.

Digitized By Kerala Sahitya Akademi

മൃർച്ഛക്രൂട്ടും ഞാൻ പരിശ്രമം, യുക്തിയിൽ
തേച്ചുതേ,ച്ചെന്നിട്ടതും ചുഴററിസ്സ്വായം,

വെല്ലുവിളിക്കും വിധിയെ, പ്രതീക്ഷതൻ
നല്ല പടച്ചട്ടയിട്ടുനിന്നങ്ങനെ!

ഫുല്ലസൗഭാഗ്യമടുത്തുവരുത്തിടാ-
തില്ലിനിത്തോഴി,യടങ്ങുകയില്ല ഞാൻ!......

16—9—1112.

Digitized By Kerala Sahitya Akademi

ഗാനത്താ,ലവനീപതേ, മധുരമാം
ചെമ്മുന്തിരിച്ചാറിനാ,-
ലാനന്ദക്കതിർ വീശിടുന്നു നിയതം
ഹർമ്മ്യാന്തരത്തിൽ ഭവാൻ.
ആ നൽച്ചെമ്പനിനീരലർപ്പൂതുവികാ-
രത്തിൽപ്പൂഴ്ക്കത്തിയ-
റ്റാനല്ലാതുതകുന്നതില്ലണുവുമെൻ
ദുർവ്വാരഗർവ്വാങ്കുരം!

**ഉമർ ഖയ്യാം** 4-7-11[illegible]1

Digitized By Kerala Sahitya Akademi

ആമട്ടോ,ർക്കി,ലാത്മഹർഷകരമാം
തേൻപൊയ്ക്കയേക്കാളു മാ-
പ്രേമസ്നിഗ്ദ്ധഹൃദന്തയായി വിലസും
മൈക്കണ്ണിയേക്കാട്ടിലും,
ആമോദപ്രദമാണു പൂവനികയും,
ത്തുമുന്തിരിച്ചാറു,മ-
സ്സീമാതീതലയാനുരഞ്ജിതലസദ്-
വീണാനിനാദങ്ങളും!

**ഉമാർഖയ്യാം** 4—7—1121

Digitized By Kerala Sahitya Akademi

# മയക്കത്തിൽ

അർദ്ധനഗ്നോജ്ജ്വലാംഗികളാക-
മബ്ധികന്യകളല്ലയോ നിങ്ങൾ?

ശബ്ദവീചീശതങ്ങളിൽത്തത്തി
നൃത്തമാടും മദാലസമാരേ,

അർദ്ധസുപ്തിയിലാടിക്കുഴഞ്ഞി-
ങ്ങെത്തിനില്പിതോ നിങ്ങളെൻമുന്നിൽ?

മഞ്ഞിൽനീന്തും മൃദുശശിലേഖാ,
മഞ്ജിമതൻ കനകശലാകാ,

ശിഞ്ജിതോന്മുഖനൂപുരരേഖാ,
'ഞ്ജ' നിൽപ്പൂ വിലാസപതാക!

മിന്നിടുമുഷപ്പൊൻകതിർനൂലി-
ലൊന്നിൽ വെൺനുര തത്തിയിണങ്ങി

പിന്നിലെല്ലാമിരുളുന്നു ചിന്നി
നിന്നിടും മായാമാലികപോലെ;

പാലൊളിപ്പൂനിലാവിൽ മയങ്ങും
പാതിരാപ്പൂവിൻ പുഞ്ചിരിപോലെ;

Digitized By Kerala Sahitya Akademi

വന്നു, വാതിൽമറ,ഞ്ഞമൃതാംഗി
'ന്ദ' നില്ക്കുന്നു നാണം കുണുങ്ങി.

സ്വർഗ്ഗലോകത്തിലേതോ മദത്തിൻ
സ്വപ്നമൊന്നുടലാർന്നതുപോലെ,

മംഗളത്തിൻ കളിച്ചെണ്ടുമന്തി
'ങ്ഗ' നില്പൂ കവചിതകാന്തി!

മണ്ഡിതോദ്യൽപ്പുളകപ്രസന്ന
'ണ്ഡ' നില്പൂ കലജലകന്യ!

ചുംബനത്തിന്റെ ചുണ്ടു വിടത്തി
'മ്ബ' നില്പൂ തരളത ചാത്തി!

പുഞ്ചിരിക്കൊണ്ടു പിന്നിലായ് നില്പ-
ണ്ടഞ്ചുപേരവക്കാളിമാരായി!......

എന്തു, നൃത്തം നടത്തുകയാണോ,
സുന്ദരികളേ, നിങ്ങളെൻ മുന്നിൽ?

ഒററമാത്രയ്ക്കകത്തഹോ നിങ്ങൾ
മറെറാരു ലോകമാരചിച്ചല്ലോ!

ആയിരമിളവെയ്ലലയാടി,
മായനീലനിഴലുകൾ വീശി,

കാണുവാൻ കഴിയാത്തോരസംഖ്യം
വീണയൊന്നിച്ചിണക്കമായ് പാടി,

Digitized By Kerala Sahitya Akademi

മാത്രതോറും പരിമളമെത്തി
വീർപ്പിടുമൊരു പൂന്തെന്നൽ തത്തി,

നാവിലൂടൊരമൃതമാധുര്യം
ജീവനിലേയ്ക്കൂലിച്ചലിഞ്ഞൂറി;

ഹാ, തുറന്നിട്ടതെൻമുന്നിൽ നിങ്ങ-
ളേതുലോകവിലാസപ്രപഞ്ചം!!

എൻെറ ലോകം—നശിച്ചൊരീലോകം—
എന്തിനാണെനിക്കീവിഷലോകം?

പ്രേതമാണിതു, ജീവനി,ല്ലയ്യോ
ഭീതിയാണെനിക്കിങ്ങേറെ നില്ക്കാൻ.

നിങ്ങൾ പോകുമ്പോഴൊപ്പം പറക്കും
ഭംഗിയുള്ളൊരസ്വപ്നപ്രപഞ്ചം.

ശപ്തനാമെനിക്കുത്സവമേകും
ശബ്ദസാഗരകന്യകമാരേ,

എന്നെയുമൊന്നു നിങ്ങൾതൻപിമ്പേ
വന്നിടാൻ സമ്മതിക്കുമോ നിങ്ങൾ?......

* * *

ഞെട്ടി ഞാൻ കൺതുറന്നു—വെറും മൺ-
കട്ട ഞാ, നെൻെറ ലോകവും മണ്ണ്!

Digitized By Kerala Sahitya Akademi

മിത്ഥ്യ മേന്മേൽ പകർന്നുപകർന്ന്
മദ്യപിപ്പിച്ചിടുന്ന പേമണ്ണ്!

ചെന്നിണത്തിൽക്കുതിർന്നു കുതിർന്ന്
ദൗന്യങ്ങൾ മുളയ്ക്കുന്ന മണ്ണ്!

കഷ്ടം,മീമണ്ണിലെന്നാണൊരൈക്യ-
കല്പവൃക്ഷം മുളയ്ക്കുന്നതാഃവാ!

എങ്ങുപോയ് നിങ്ങളെൻ ചുറ്റുപാടും
തിങ്ങിനിൽപ്പൂ പരുഷാക്ഷരങ്ങൾ,

അബ്ധികന്യകളല്ല, ഭൂതങ്ങൾ;
അസ്ഥിമാല ധരിച്ച സത്വങ്ങൾ!

ഞാനരക്കെക്കരഞ്ഞിട്ടും — അയ്യോ!...
പ്രാണനി,ലല്ലാ, നിങ്ങളുണ്ടോഃന്നോ?...

3—12—1121

Digitized By Kerala Sahitya Akademi

കാലം ദേശമിവയ്ക്കു ബന്ധമണുവുമി-
ന്നൂനംപെടാതൊക്കെയും
ചേലിൽ ചേർത്തുഭരിക്കുവാൻ, നരപടുത,
മോഹിച്ചിടുന്നു ഭവാൻ.
ഈ ലോകത്തൊരുമട്ടു ജീവിതമഹാ-
ഭാരം വഹിക്കുന്നതി-
നാലോചിച്ചിടുകെത്രമാത്രമഴലെ-
ന്നാലും സഹിച്ചീടണം?

**ഉമാർ ഖയ്യാം** 4—7—1121

Digitized By Kerala Sahitya Akademi

എന്നാൽ, പോംവഴി വേറെയെന്തു?—നൃപതേ,
വേണ്ടാ വിഷാദം, ഭവാൻ
വന്നാലും, പ്രണയാത്മകം മമ മതം
കൈക്കൊള്ളു, കെത്തും ശുഭം.
ഇന്നോളം പ്രണയം കുടിച്ചു മദമുൾ-
ച്ചേർന്നോൻ ഗണിപ്പീല ഞാ-
നിന്നീമേദിനിയേയുമൊട്ടുമവൾതൻ
മായാവിലാസത്തെയും!

ഉമാർ ഖയ്യാം 4—7—1121

Digitized By Kerala Sahitya Akademi

# സങ്കല്പകാമുകൻ

പൊന്നിൽക്കുളിച്ചുവരം നില്ക്കുകയാണൊരു
മഞ്ഞക്കണിക്കൊന്ന പൂത്തപോലെ.

ആലോലലോചനനീലോല്പലദല-
മാലയെനിക്കെറിഞ്ഞേകിയാലും!

ഇല്ല, നീയെന്നെയറിയുകയില്ല, നാ-
മിന്നോളം കണ്ടിട്ടില്ലോമലാളേ!

എന്നാലുമെന്നെപ്പുറത്തോലറിയും നീ;
നിന്നെയെനിക്കും ശരിക്കറിയാം.

അന്യോന്യമത്ര പരിചയമുള്ള നാ-
മന്യരാണെന്നിട്ടും മന്നിലിന്നും!

*　　　*　　　*

ആഗമിച്ചിട്ടുണ്ടെൻ സങ്കല്പഭൂവിൽ, നി-
ന്നാകാരമാധുരിയൊരുനാളിൽ.

എത്തിയിട്ടുണ്ടാകാമാവിധം ഞാനും നിൻ
സ്വപ്നശതത്തിൽ സുഷമ വീശി.

ഉദ്ഗസം നിൻകാൽച്ചിലമ്പൊലി കേട്ട ഞാ-
നെത്രയോ വട്ടം തിരിഞ്ഞുനോക്കി!

Digitized By Kerala Sahitya Akademi

കഷ്ടം, തടിൽക്കൊടിപോൽ പിടഞ്ഞപ്പൊഴ-
തൊക്കെ നീയെങ്ങോ പറന്നൊളിച്ചു!

ആഞ്ഞു മുന്നോട്ടനേകവേഗമാന്നു ഞാൻ
പാഞ്ഞുപോം നിൻനിഴൽ പിൻതുടരാൻ.

ഒക്കാതതിനെനിക്കഗ്രനിരാശയാ-
ലുൾക്കാമ്പു മങ്ങി ഞാൻ പിന്മടങ്ങി.

നിന്നു, നീ പോയിട്ടു, മെൻമണിപ്പൂമച്ചിൽ
നിൻനെടുവീർപ്പിൻ സുഗന്ധലേശം

ഏകാന്തതയിലതേററാസ്വദിച്ചു ഞാൻ
ലോകത്തെപ്പോലും മറന്നിരുന്നു.

സ്വർഗ്ഗത്തിൽനിന്നുമെൻ മുന്നിലൊരായിരം
സ്വപ്നചിത്രങ്ങളടന്നുവീണു.

ഞാനവയോരോന്നുമുമ്മവെച്ചുമ്മവെ-
ച്ചാനന്ദമൂർച്ഛയെസ്സൽക്കരിച്ചു.

നിന്നോമൽത്താരാന്തരിവള്ളച്ചാർത്തുകൾ
ചിന്നിയ മംഗളശിഞ്ജിതങ്ങൾ,

സംക്രമിപ്പിച്ചിതെൻ നിർജ്ജനനിദ്രയിൽ
സംഗീതസാന്ദ്രതരംഗകങ്ങൾ!!

* * *

Digitized By Kerala Sahitya Akademi

തങ്കനക്ഷത്രമേ, വെൺകതിർ വീശിയെൻ
സങ്കല്പസീമയിൽ നീയുദിക്കേ,

ചിന്തിച്ചിരിക്കാതരഞൊടിക്കുള്ളിലെൻ
ചിന്തകൾക്കൊക്കെച്ചിറകു കിട്ടി.

എന്തൊരാശ്ചര്യമോ, ഞാനറിയാതുടൻ
നൊന്ത മച്ചിത്തം ചിരിച്ചുപോയി.

അന്യൂനമോദമാന്നങ്ങനെ നിന്നോ ഞാൻ
വർണ്ണിച്ചുവർണ്ണിച്ചു പാട്ടുപാടി.

നീ മേവും നീലനികുഞ്ജത്തിലെത്തി മൽ-
പ്രേമാർദ്രഗാനങ്ങളാകമാനം.

എത്തുമവയിൽ, മുറിപ്പെട്ടതാമൊരു
ചിത്തം കിടന്നു പിടഞ്ഞിരുന്നു.

അക്കാഴ്ചകണ്ടു നിന്നക്ഷിപുടങ്ങളി-
ലശ്രുകണങ്ങൾ പൊടിഞ്ഞിരുന്നു.

നാളുകൾ ളാരോന്നും നിൻമുന്നിൽ വന്നൊരു
നായികയാകുവാൻ നോക്കി നിന്നു.

അപ്പരമാത്ഥമറിഞ്ഞതില്ലെങ്കിലും
സ്വപ്നം ചിലതു നീയോമനിച്ചു.

എന്തി,നവസാനമെന്തിനെന്നില്ലാതെ
നൊന്തു തുടങ്ങി നിൻ മാനസവും.

Digitized By Kerala Sahitya Akademi

മാച്ചിട്ടും മാച്ചിട്ടും മാഞ്ഞില്ല മച്ചിത്രം
മാർദ്ദവമുള്ള നിൻ മാനസത്തിൽ.

ഏദത്താം വിരഹക്കരിന്തേൾ കടിച്ച നിൻ
ചേതന നിത്യം പുളഞ്ഞുനീറി!

*   *   *

ഇല്ല, ഞാനാരെന്നു നിന്നോടു ചൊല്ലുക-
യില്ല, ഞാനെന്നെ മറച്ചുനില്ക്കും.

ഞാനാരെന്നോതുന്ന മാത്രയിൽത്തന്നെ നിൻ-
മാനസമിന്നു മൊട്ടിട്ടുപോകും.

മംഗളാനന്ദമരന്ദം തുളുമ്പിയും
ശൃംഗാരസൗരഭം നിർഗ്ഗളിച്ചും,

ചിത്തം കവന്നിട്ടമപ്പൂക്കളെന്നാലു-
മെത്ര നാളൊന്നവയുല്ലസിക്കും?

നിത്യപരിചയച്ചൂടിലതോരോന്നായ്
നിഷ്ഫലം ഞെട്ടററു വാടിവീഴും.

എന്നും പുതുമയെപ്പുൽകേണമെങ്കിൽ, നാ-
മന്യരായങ്ങിങ്ങിരുന്നിടേണം.

കാണാൻ കൊതിക്കുമക്കൗതുകം കൂടിയും
കാണാൻ കഴിഞ്ഞാൽ കൊഴിഞ്ഞുവീഴും.

Digitized By Kerala Sahitya Akademi

എന്നും കൊതിക്കലാ,ണെന്നും ഭജിക്കലാ–
ണെന്നും പ്രതീക്ഷിക്കലാണു സൗഖ്യം.

ഉണ്ടവയ്ക്കുള്ളിലൊരിക്കലും വാടാത്ത,
ചെണ്ടിട്ടുനിൽക്കും, പരിമളങ്ങൾ!

ലോകത്തിലയ്യോ, കരഗതമാവുകി–
ലാകാശപുഷ്പവും ശുഷ്കശഷ്പം!

*　　　*　　　*

അന്യനായ്ത്തന്നെയതിനാൽ,ഞാനിന്നിപ്പോൾ
നിന്നോടു യാത്ര പറഞ്ഞിടട്ടെ.

എന്നുമെനിക്കു നിൻ സുന്ദരസങ്കല്പ
വൃന്ദാവനക്കുളിർപ്പൂന്തണലിൽ,

കാണാൻ കൊതിക്കുന്ന, കാണാൻ കഴിയാത്ത,
വേണുഗോപാലനായ് വാണിടേണം.

ഹാ, നിനക്കെന്നാലിതുവിധമെന്നെന്നും
ഞാനൊരു ഗന്ധർവ്വനായിരിക്കും:

എന്നപോലെന്നെന്നും മാമകധ്യാനത്തിൽ
പൊന്നിൽക്കുളിച്ചു മദാലസയായ്

മഞ്ജുളേ, നീയും ലസിക്കുമിമ്മട്ടൊരു
മഞ്ഞക്കണിക്കൊന്ന പൂത്തപോലെ!

Digitized By Kerala Sahitya Akademi

നാമടിഞ്ഞീടുമാ മണ്ണിലുംകൂടിയൊ-
രോമൽപ്പുളകം തളിർത്തുനിൽക്കും.

കർമ്മബന്ധത്തിനാൽപ്പിന്നെയും പിന്നെയും
നമ്മളൊന്നിക്കും; പിരിഞ്ഞുപോകും.

അന്യോന്യമേവമറിയാതെ നമ്മളൊ-
രജ്ഞാതശക്തിതന്നച്ചുതണ്ടിൽ,

പ്രേമപ്രദിക്ഷണം വെച്ചുല്ലസിച്ചിടും.
ഭൂമിയും വാനവുമുള്ള കാലം.

കാമദകോമളേ, പോയ്‌വരട്ടിന്നു നിൻ
കാണാത്ത കാമുകൻ, കാര്യലോലൻ!!...

15—10—1113

Digitized By Kerala Sahitya Akademi

ധാരായക്കടയാണു ലോക,മിവിടെ-
    ക്കോലാഹലം, സൗഹൃദം
ചോരും തേന്മൊഴി, മൈത്രി,യാത്മകഥനം,
    വേദാന്ത,മായോധനം,
ഓരോ ഡ്രാം സുഖതൃഷ്ണ,യക്കമെനിയാം
    പൂവൻപഴം, മിത്യ ത-
ന്നോരോ നോട്ടുകൾ—എന്തിനെന്നെയിവിടേ-
    യ്ക്കെത്തിച്ചു, ഹാ, നീ വിധേ?...

21—6—1121

Digitized By Kerala Sahitya Akademi

ഏഴാംസ്വർഗ്ഗം വിടർന്നു തവ കടമിഴിയിൽ-
        ക്കൂടി,യെന്നല്ല, ഞാനാം
പാഴാം പുൽത്തണ്ടിൽനിന്നും പലപല മധുര
        സ്വപ്നഗാനം പടർന്നു;
കേഴാം ഞാൻ നാളെ, വീഴാ,മടിയിലഖിലവും
        തേളു ചൂളും തമസ്സിൽ-
ത്താഴാം—താഴട്ടെ, കേഴ,ട്ടരികിൽ വരികയേ
        ഹൃദ്യമേ, മദ്യമേ, നീ!

15—8—1121

Digitized By Kerala Sahitya Akademi

# കാവ്യനർത്തകി

കനകച്ചിലങ്ക കിലുങ്ങി-
ക്കിലുങ്ങി,
കാഞ്ചനകാഞ്ചി കുലുങ്ങി-
ക്കുലുങ്ങി;

കടമിഴിക്കോണുകളിൽ
സ്വപ്നം മയങ്ങി,
കതിരുതിർപ്പൂപ്പുഞ്ചിരി
ചെഞ്ചുണ്ടിൽ തങ്ങി;

ഒഴുകുമുടയാടയിലൊളി-
യലകൾ ചിന്നി
അഴകൊരുടലാർന്നപോ-
ലങ്ങനെ മിന്നി;

മതിമോഹനശുഭനർത്തന-
മാടുന്നായി, മഹിതേ,
മമമുന്നിൽ നിന്നു നീ
മലയാളകവിതേ!

ഒരു പകുതിപ്രജ്ഞയിൽ
നിഴലും നിലാവും
ഒരുപകുതിപ്രജ്ഞയിൽ
കരിപൂശിയ വാവും,

Digitized By Kerala Sahitya Akademi

ഇടചേരന്നൻ ഹൃദയം പുതു-
പുളകങ്ങൾ ചൂടി
ചുടുനെടുവീർപ്പുകൾ-
ക്കിടയിലും കൂടി!

അതിധന്യകളാഢ്യ കന്യകൾ
മണിവീണകൾ മീട്ടി
അപ്സരരമണികൾ കൈ-
മണികൾ കൊട്ടി;

വൃന്ദാവനമുരളീരവ-
പശ്ചാത്തലമൊന്നിൽ
സ്പന്ദിക്കുമാ മധുരസ്വര-
വീചികൾ തന്നിൽ,

താളം നിരനിരയായ്
നിരയിട്ടിട്ടു തങ്ങി
താമരത്താരുകൾപോൽ-
തത്തീ ലയഭംഗി!

സതതസുഖ സുലഭതതൻ
നിറപറവെച്ചു
ഋതുശോഭകൾ നിൻമുന്നിൽ-
ത്താലം പിടിച്ചു.

തങ്കത്തരിവളയിളകി നിൻപിന്നിൽ-
ത്തരളിതകൾ

Digitized By Kerala Sahitya Akademi

സങ്കല്പസുഷമകൾ
ചാമരം വീശി.

സുരഭിലമൃഗമദ-
തിലകിതഫാലം,
സുമസമസുലളിത-
മൃദുലകപോലം,

നളിനദളമോഹന-
നയനവിലാസം,
നവകുന്ദസുമസുന്ദര-
വരമന്ദഹാസം,

ഘനനീലവിപിന
സമാനസുകേശം,
കനകകുണ്ഡല വലയാങ്കിത-
കർണ്ണാന്തികദേശം,

മണികനകഭൂഷിത-
ലളിതഗളനാളം...
മമ മുന്നിലെന്തെന്തൊരു
സൗന്ദര്യമേളം!!

മുനിമാരും മുകരാത്ത
സുഖചക്രവാളം
പുണരുന്നു പുളകിതം
മമ ജീവനാളം.

Digitized By Kerala Sahitya Akademi

ഇടവിടാതടവികളും
ഗുഹകളും ശ്രുതികൂട്ടിയ
ജടതൻ ജ്വരജല്പന-
മയമായ മായ

മറയുന്നൂ—വിരിയുന്നു മമ
ജീവൻതന്നിൽ,
മലരുകൾ—മലയാള-
കവിതേ നിൻ മുന്നിൽ,

നിർന്നിമേഷാക്ഷനായ്
നില്പതഹോ, ഞാനിദം;
നിൻ നർത്തനമെന്തത്ഭുത-
മന്ത്രവാദം!

കണ്ടുനിൻ കൺകോണുക-
ളുലയവേ, കരിവരി-
വണ്ടലയും ചെണ്ടുലയും
വനികകൾ ഞാൻ.

ലളിതേ, നിൻ കൈവിരൽക-
ളിളകവേ കണ്ടു ഞാൻ
കിളിപാറും മരതക-
മരനിരകൾ.

കനകോജ്ജ്വലദീപശിഖാ-
രേഖാവലിയാലേ

Digitized By Kerala Sahitya Akademi

കമനീയകലാദേവത-
കണിവെച്ചതുപോലെ,

കവരുന്നു കവിതേ,
തവനൃത്തരംഗം
കാപാലികനെങ്കിലു-
മെനാന്തരംഗം!

തവ ചരണ ചലനകൃത-
രണിതരതരംഗണം
തന്നോരനുഭൂതിതൻ
ലയവിമാനം,

എന്നെപ്പലദിക്കിലു-
മെത്തിപ്പൂ—ഞാനൊരു
പൊന്നോണപ്പൂലരിയായ്-
പ്പരിലസിപ്പൂ!!......

കരകമലദളയുഗള-
മൃദുമൃദുലചലനങ്ങൾ
കാണിച്ച സൂക്ഷ്മലോ-
കാന്തരങ്ങൾ,

പലതും കടന്നു കടന്നു
ഞാൻ പോയി
പരിധ്യുതപരിണത-
പരിവേഷനായി!

Digitized By Kerala Sahitya Akademi

ജന്മം ഞാൻ കണ്ടു-
നിർവൃതികൊണ്ടു;
ജന്മാന്തരങ്ങളിലെ-
സ്സുകൃതാമൃതമുണ്ടു;

ആയിരം സ്വർഗ്ഗങ്ങൾ
സ്വപ്നവുമായെത്തി;
മായികേ, നീ നിൻ
നടനം നടത്തി.

പുഞ്ചിരി പെയ്തുപെയ്-
താട്ടെ നീ, ലളിതേ,
തുഞ്ചന്റെ തത്തയെ-
ക്കൊഞ്ചിച്ച കവിതേ!

അഞ്ചിക്കുഴഞ്ഞുഴിഞ്ഞാട്ടു
ഉന്നമിളിതേ,
കുഞ്ചന്റെ തുള്ളലിൽ
മണികൊട്ടിയ കവിതേ!

പല മാതിരി പല ഭാഷകൾ
പല ഭൂഷകൾ കെട്ടി-
പ്പാടിയുമാടിയും പല-
ചേഷ്ടകൾ കാട്ടി,

വിഭ്രമവിഷവിത്തു വിത-
യ്ക്കിലും ഹൃദിമേ

Digitized By Kerala Sahitya Akademi

വിസ്മരിക്കില്ല ഞാൻ നിന്നൊ-
സ്സുരസുഷമേ!

തവതലമുടിയിൽ നി-
ന്നൊരു നാരു പോരും,
തരികെ,ന്നൊത്തഴകട്ടേ
പെരുമയും പേരും!

പോവുന്നോ നിൻ നൃത്തം
നിർത്തി നീ, ദേവി?—അയ്യോ,
പോവല്ലെ, പോവല്ലെ,
പോവല്ലേ, ദേവി!!......

7—9—1121.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# കവിതകൾ

| | |
|---|---|
| അരളിപ്പൂക്കൾ-ജി. കുമാരപിള്ള | 1.25 |
| അളകാവലി-ഇടശ്ശേരി | 1.00 |
| അവൾ പറന്നു-കെടാമംഗലം | 1.50 |
| ആമയും പെൺസിംഹവും-കെടാമംഗലം | 1.25 |
| ആയിഷ-വയലാർ | 0.75 |
| ഇതളുകൾ-ജി. ശങ്കരക്കുറുപ്പ് | 1.00 |
| ഓർക്കുക വല്ലപ്പോഴും-പി. ഭാസ്കരൻ | 1.00 |
| കുറേക്കൂടി നീണ്ട കവിതകൾ-എൻ. വി. കൃഷ്ണവാരിയർ | 1.25 |
| കേരളം വളരുന്നു-(5 ഭാ) പാലാ | 5.00 |
| കൊച്ചുതൊമ്മൻ-എൻ. വി. കൃഷ്ണവാരിയർ | 1.50 |
| കൊന്തയും പൂണൂലും-വയലാർ | 1.25 |
| ചീത-ആനന്ദക്കുട്ടൻ | 0.50 |
| നവാതിഥി-ജി. ശങ്കരക്കുറുപ്പ് | 1.00 |
| മുളങ്കാട്-വയലാർ | 1.00 |
| മുൾക്കിരീടം-പി. ഭാസ്കരൻ | 1.00 |
| രാഗാലാപം-പാലാ | 1.00 |
| വയലാർ ഗർജ്ജിക്കുന്നു-പി. ഭാസ്കരൻ | 0.40 |
| വസന്തോത്സവം-ചങ്ങമ്പുഴ | 0.75 |
| വാസന്തിപ്പൂക്കൾ-പി. കുഞ്ഞിരാമൻനായർ | 1.25 |
| സത്രത്തിൽ ഒരു രാത്രി-പി. ഭാസ്കരൻ | 0.75 |
| സരോവരം-വെണ്ണിക്കുളം | 1.25 |
| സൂര്യകാന്തി-ജി. ശങ്കരക്കുറുപ്പ് | 1.25 |
| സൗന്ദര്യപൂജ-വെണ്ണിക്കുളം | 0.75 |
| ചൈത്രോത്സവം-സി. ജെ. മണ്ണുമ്മൂട് | 0.50 |
| നീറുന്ന തീച്ചൂള-ചങ്ങമ്പുഴ | 1.00 |
| സാഹിത്യകൗതുകം (4 ഭാ.)-ജി. | 4.50 |
| സ്വതന്ത്രകേരളം-ബോധേശ്വരൻ | 1.25 |
| മദലമോഹിനി- ചങ്ങമ്പുഴ | 1.00 |
| മുന്തിരിത്തോട്ടം-സി. ജെ. മണ്ണുമ്മൂട് | 0.75 |

## നാഷനൽ ബുക്ക്സ്റ്റാൾ

**കോട്ടയം & തിരുവനന്തപുരം**

Digitized By Kerala Sahitya Akademi